ദാദാ ഭഗവാൻ
വിശദീകരിച്ചിരിക്കുന്നതു പോലെ

# സംഘർഷം ഒഴിവാക്കുക



നിങ്ങളാരോടെങ്കിലും ഏറ്റുമുട്ടിയാൽ.

അത് നിങ്ങളുടെ അജ്ഞതയുടെ അടയാളമാണ്.

Malayalam

ദാദാ ഭഗവാൻ

വിശദീകരിച്ചിരിക്കുന്നതു പോലെ

# സംഘർഷം ഒഴിവാക്കുക

മൂലരൂപം ഗുജറാത്തിയിലാണ്.

അതിന്റെ ഇംഗ്ലീഷ് ഇവർത്തനം ഈ മാർഗ്ഗം പിന്തുടരുന്നവർ നടത്തിയിട്ടുള്ളതാണ്.

ഈ മലയാളം വിവർത്തനത്തിന് ഇംഗ്ലീഷ് വിവർത്തനമാണ് അവലംബിച്ചിട്ടുള്ളത് .

**Publisher : Mr. Ajit C. Patel**
**Dada Bhagwan Vignan Foundation**
1, Varun Apartment, 37, Shrimali Society,
Opp. Navrangpura Police Station,
Navrangpura, Ahmedabad - 380009
Tel.: +91 79 3500 2100

© All Rights reserved with
Dada Bhagwan Foundation Trust,
5, Mamta Park Society, B/h. Navgujarat College,
Usmanpura,Ahmedabad - 380014, Gujarat, India.
No Part of this book may be used or reproduced in any manner whatsoever without written permission from the holder of the copyrights.

**First Edition :** 500 copies, June 2021

**Price :** Ultimate Humility (leads to Universal oneness) and Awareness of "I Don't Know Anything"
Rs.: 20.00

**Printer :** Amba Multiprint
B - 99, Electronics GIDC, K-6 Road
Sector - 25, Gandhinagar - 382044.
Gujarat, India.
Tel. : +91 79 3500 2142

# ത്രിമന്ത്രം








നമോ വീതരാഗായ

നമോ അരിഹന്താണം

നമോ സിദ്ധാണം

നമോ ആയരിയാണം

നമോ ഉവ്വജ്ജായാണം

നമോ ലോ യേ സവ്വ സാഹൂണം

എസോ പഞ്ച നമുക്കാരോ

സവ്വ പാവാപ്പനാസണോ


മംഗളാണം ച സവ്വേശിം

പഠമം ഹവായ് മംഗളം

ഓം നമോ ഭഗവതേ വാസുദേവായ

ഓം നമഃ ശിവായ

ജയ് സത് ചിദാനന്ദ്.



## ആരാണ് ദാദാ ഭഗവാൻ?

1958 ജൂൺ മാസത്തിലെ ഒരു സായാഹ്നം, ഏകദേശം ആറുമണിക്ക്, സൂറത്ത് റെയിൽവേ സ്റ്റേഷനിലെ കോലാഹലങ്ങൾക്കിടയിൽ, ഒരു ബഞ്ചിലിരിക്കെ, ***ദാദാഭഗവാൻ*** അംബാലാൽ മൂൽജിഭായ് പട്ടേലിന്റെ വിശുദ്ധ ശരീരത്തിനുള്ളിൽ പൂർണ്ണമായി വെളിപ്പെട്ടു. ആത്മീയതയുടെ ശ്രദ്ധേയമായ ഒരു പ്രതിഭാസം പ്രകൃതി വെളിവാക്കി! ഒരു മണിക്കൂറിനകം, പ്രപഞ്ചത്തിന്റെ ദർശനം അദ്ദേഹത്തിന് വെളിവായി. ആരാണ് നാം? ആരാണ് ദൈവം? ആര് ലോകം പരിപാലിക്കുന്നു? എന്താണ് കർമ്മം? എന്താണ് മോക്ഷം? എന്നു തുടങ്ങിയ ആത്മീയമായ ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ പൂർണ്ണമായും അദ്ദേഹത്തിന് വ്യക്തമായി.

ആ വൈകുന്നേരം അദ്ദേഹത്തിന് ലഭിച്ചത്, വെറും രണ്ടു മണിക്കൂർ കൊണ്ട്, തന്റെ ***ജ്ഞാനവിധി*** എന്ന നൈസർഗ്ഗികമായ ശാസ്ത്രീയ പരീക്ഷണത്തിലൂടെ, അദ്ദേഹം മറ്റുള്ളവർക്ക് നല്കി! ഇത് ***അക്രം മാർഗ്ഗം*** എന്ന് അറിയപ്പെടുന്നു. തുടർച്ചയായി പടികൾ ഒന്നൊന്നായി കയറിപ്പോകുന്ന മാർഗ്ഗമാണ് ക്രം. അക്രം പടികളില്ലാത്ത എളുപ്പവഴിയാണ്, ഒരു ലിഫ്ററിലെന്ന പോലെ പെട്ടന്ന് ഉയർത്തുന്ന മാർഗ്ഗമാണ്!

അദ്ദേഹം സ്വയം ദാദാ ഭഗവാൻ ആരാണ് എന്ന് വിശദീകരിക്കുന്നത് ഇങ്ങനെയാണ്, "നിങ്ങളുടെ മുന്നിൽ ദൃശ്യനായിരിക്കുന്ന ആൾ ***ദാദാ ഭഗവാൻ*** അല്ല. ഞാൻ ജ്ഞാനീപുരുഷനാണ്. എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ഭഗവാനാണ് ***ദാദാ ഭഗവാൻ.*** അദ്ദേഹം പതിനാലു ലോകങ്ങളുടേയും ഭഗവാനാണ്. അദ്ദേഹം നിങ്ങൾക്കുള്ളിലുമുണ്ട്, എല്ലാവരുടെ ഉള്ളിലും ഉണ്ട്. അദ്ദേഹം നിങ്ങൾക്കുള്ളിൽ പ്രകടമാകാതെ ഇരിക്കുന്നു, അതേ സമയം ഇവിടെ (എ.എം.പട്ടേലിനകത്ത്) അദ്ദേഹം പൂർണ്ണമായി വെളിപ്പെട്ടിരിക്കുന്നു! ഞാൻ, സ്വയം ദൈവമല്ല (ഭഗവാനല്ല); എനിക്കകത്ത് വെളിപ്പെട്ടിരിക്കുന്ന ***ദാദാ ഭഗവാനെ*** ഞാനും വണങ്ങുന്നു.

# ആത്മജ്ഞാനം നേടുന്നതിന് ഇപ്പോഴുള്ള കണ്ണി

1958 ൽ ആത്മജ്ഞാനം ലഭിച്ചതിനു ശേഷം, പരമപൂജ്യനായ ***ദാദാ ഭഗവാൻ*** (ദാദാശ്രീ) ആത്മീയ പ്രഭാഷണങ്ങൾ നടത്തുന്നതിനും ആത്മീയ അന്വേഷകർക്ക് ആത്മജ്ഞാനം നല്കുന്നതിനുമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തി.

അദ്ദേഹത്തിന്റെ ജീവിതകാലത്തു തന്നെ, ദാദാജി പൂജ്യ ഡോ. നീരുബെൻ അമീനിന് (നീരുമാ) മറ്റുള്ളവർക്ക് ആത്മജ്ഞാനം നല്കുന്നതിനുള്ള സിദ്ധികൾ നല്കിയിരുന്നു. അതേ പോലെ, ദാദാശ്രീ നശ്വര ശരീരം വെടിഞ്ഞതിനു ശേഷം പൂജ്യ നീരുമാ ആത്മീയാന്വേഷകർക്ക് സത്സംഗങ്ങളും ആത്മജ്ഞാനവും, ഒരു നിമിത്തം എന്ന രീതിയിൽ നല്കിക്കൊണ്ടിരുന്നു. സത്സംഗങ്ങൾ നടത്തുന്നതിനുള്ള ആത്മീയ സിദ്ധികൾ പൂജ്യ ദീപക് ഭായ് ദേശായിക്കും ദാദാജി നല്കിയിരുന്നു. ഇപ്പോൾ പൂജ്യ നീരുമയുടെ അനുഗ്രഹത്തോടെ പൂജ്യ ദീപക് ഭായ് ആത്മജ്ഞാനം നല്കുന്നതിനുള്ള നിമിത്തമായി ദേശീയവും അന്തർദേശീയവുമായ യാത്രകൾ നടത്തിവരുന്നു.

ആത്മജ്ഞാനത്തിനുശേഷം, ആയിരക്കണക്കിന് ആത്മീയാന്വേഷകർ ബന്ധനമുക്തരായി സ്വതന്ത്രമായ അവസ്ഥയിൽ നില നില്ക്കുകയും ലൗകികമായ ഉത്തരവാദിത്തങ്ങൾ നിറവേറ്റുന്നതിനിടക്കു തന്നെ ആത്മാനുഭവത്തിൽ സ്ഥിതിചെയ്യുകയും ചെയ്യുന്നു.

# വിവർത്തകക്കുറിപ്പ്

ദാദാശ്രീ അല്ലെങ്കിൽ ദാദാ അല്ലെങ്കിൽ ദാദാജി എന്ന് അറിയപ്പെടുന്ന ജ്ഞാനി പുരുഷ് അംബലാൽ എം.പട്ടേൽ, സയൻസ് ഓഫ് സെൽഫ്-റിയലൈസേഷൻ, ലൗകിക ഇടപെടലിന്റെ കല എന്നിവയെ കുറിച്ചുള്ള തന്റെ സത്സംഗത്തെ ഇംഗ്ലീഷിലേക്ക് കൃത്യമായി വിവർത്തനം ചെയ്യാൻ കഴിയില്ല എന്ന് പറയും ആയിരുന്നു. അന്വേഷകനെ അറിയിക്കേണ്ട അർത്ഥത്തിന്റെ ആഴവും ഉദ്ദേശ്യവും നഷ്ടപ്പെടും. തന്റെ പഠിപ്പിക്കലുകൾ എല്ലാം കൃത്യമായി മനസ്സിൽ ആക്കാൻ ഗുജറാത്തി പഠിക്കേണ്ടതിന്റെ പ്രാധാന്യം അദ്ദേഹം ഊന്നിപ്പറഞ്ഞു

അങ്ങനെയാണെങ്കിലും തന്റെ വാക്കുകൾ ഇംഗ്ലീഷിലേക്കും മറ്റു ഭാഷകളിലേക്കും വിവർത്തനം ചെയ്യുന്നതിന് അദ്ദേഹം അനുഗ്രഹം നല്കിയിട്ടുണ്ട്. അങ്ങനെ ആത്മീയ അന്വേഷകർക്ക് ഒരു പരിധിവരെ നേട്ടമുണ്ടാക്കാനും പിന്നീട് സ്വന്തം പരിശ്രമത്തിലൂടെ മുന്നേറാനും സാധിക്കും. ഈ ശാസ്ത്രത്തിന്റെ അസാധാരണ ശക്തികളെ കുറിച്ച് ലോകം വിസ്മയപ്പെടുന്ന ഒരു ദിവസം വരുമെന്നും അദ്ദേഹം പറഞ്ഞു.

ജ്ഞാനിപുരുഷനായ ദാദാശ്രീയുടെ ഉപദേശങ്ങളുടെ സാരാംശം ലോകത്തിന് മുന്നിൽ അവതരിപ്പിക്കാൻ ഉള്ള എളിയ ശ്രമമാണ് ഇത്. അദ്ദേഹത്തിന്റെ വാക്കുകളുടെ സ്വരവും സന്ദേശവും സംരക്ഷിക്കാൻ വളരെ അധികം ശ്രദ്ധ ചെലുത്തിയിട്ടുണ്ട്. ഇത് അദ്ദേഹത്തിന്റെ കൃതികളുടെ അക്ഷരീയ വിവർത്തനമല്ല. നിരവധി വ്യക്തികൾ ഈ ഉല്പ്പന്നത്തിനായി ഉത്സാഹത്തോടെ പ്രവർത്തിച്ചിട്ടുണ്ട്, ഞങ്ങൾ എല്ലാവരോടും നന്ദി ഉള്ളവരായി തുടരുന്നു

അദ്ദേഹത്തിന്റെ പഠിപ്പിക്കലുകളുടെ വിശാലമായ പുതിയ നിധിയുടെ പ്രാഥമിക ആമുഖം ആണ് ഇത്. വിവർത്തനത്തിൽ വരുത്തിയ പിശകുകൾ പൂർണ്ണമായും വിവർത്തകരുടെത് ആണെന്ന കാര്യം ശ്രദ്ധിക്കുക. ഞങ്ങൾ അവർക്കായി മാപ്പ് അഭ്യർത്ഥിക്കുന്നു

# ആമുഖം

സംഘർഷമൊഴിവാക്കുക എന്നൊരു കാര്യം മാത്രം സ്വായത്തമാക്കിയാൽ ഒരാളുടെ ജീവിതം സമാധാനപൂർണ്ണവും ഐക്യപൂർണ്ണവുമായിത്തീരും. കൂടാതെ, തടസ്സമൊന്നുമില്ലാതെ മോക്ഷവും ലഭ്യമാകും. ഇക്കാര്യം ഏവരാലും അംഗീകൃതമാണ്.

അക്രമവിജ്ഞാനിയായ പൂജ്യനായ ദാദാശ്രീയുടെ അടിസ്ഥാനവാചകം പിന്തുടർന്ന് ആയിരങ്ങൾ ജ്ഞാനം നേടിയിട്ടുണ്ട്. ജീവിതം ശാന്തിയും സന്തോഷവും നിറഞ്ഞ്, അവർ മോക്ഷത്തിന്റെ പാതയിലെ തീർത്ഥാടകരായിത്തീർന്നിരിക്കുന്നു. അത്തരമൊരു അവസ്ഥ നേടിയെടുക്കാൻ ഒരാൾ എല്ലാ തരത്തിലും സംഘർഷം ഒഴിവാക്കാൻ ഉറച്ച തീരുമാനം എടുക്കുക മാത്രമെ ചെയ്യേണ്ടതുള്ളൂ. എതിരാളി എത്ര തന്നെ സംഘർഷത്തിനു തയ്യാറായാലും താൻ സംഘർഷമുണ്ടാക്കുകയില്ല എന്നതാണ് ഉറച്ച ആ തീരുമാനം. ഒരാളുടെ ഉള്ളിൽ ഈ ഒരു തീരുമാനം മാത്രമുണ്ടായാൽ മതി. അതിന്റെ ഫലമായി ഉള്ളിൽ നിന്നും നൈസർഗ്ഗികമായ സമീപനം കൈവരികയും അയാൾ മോക്ഷത്തിനു സ്വയം പാത്രമായിത്തീരുകയും ചെയ്യും.

രാത്രി, ഇരുട്ടിൽ വീട്ടിനകത്തു നടക്കുമ്പോൾ അറിയാതെ ചുമരിലിടിച്ചാൽ എന്തു സംഭവിക്കും? ചുമരിനെ തൊഴിച്ച് "നീയെന്തിനെന്റെ വഴിയിൽ വന്നു? എന്റെ വഴിയിൽ നിന്നും മാറ്. ഇതെന്റെ വീടാണ്" എന്ന് നിങ്ങൾ പറയുമോ? അതിനു പകരം തപ്പിത്തടഞ്ഞ് ശരിയായ വാതിൽ കണ്ടു പിടിക്കാൻ എത്ര ബുദ്ധിപൂർവ്വം നിങ്ങൾ ശ്രമിക്കും! എന്തുകൊണ്ടാണ്? നിങ്ങൾക്കറിയാം, നിങ്ങൾ കീഴടങ്ങിയില്ലെങ്കിൽ നിങ്ങളുടെ തലയിടിക്കുമെന്ന്!

ഒരു രാജാവിനു പോലും ഇടുങ്ങിയ വഴിയിലൂടെ നടക്കുമ്പോൾ, കുത്തുന്ന കാളക്കു വഴി ഒഴിഞ്ഞുകൊടുക്കേണ്ടി വരും. അയാൾ കാളയോടു പറയുമോ, "വഴി മാറ്. ഞാനീ പ്രദേശത്തെ രാജാവാണ്" എന്ന്. അത്തരം സന്ദർഭങ്ങളിൽ രാജാധിരാജന്മാർ പോലും കുത്തുന്ന കാളകൾക്ക് വഴി മാറിക്കൊടുക്കുന്നു. എന്തുകൊണ്ടാണ്? അപകടവും സംഘർഷവും ഒഴിവാക്കാനാണ്.

നിങ്ങളോട് സംഘർഷത്തിനു വരുന്ന എല്ലാ ആളുകളും കാളകളെപ്പോലെയോ ചുമരുകൾ പോലെയോ ആണ് എന്ന് നിങ്ങൾക്ക് മനസ്സിലാക്കിത്തരാനാണ് ഈ ഉദാഹരണങ്ങൾ പറഞ്ഞത്. അതുകൊണ്ട് സംഘർഷമൊഴിവാക്കണമെങ്കിൽ ബുദ്ധിപൂർവ്വം വഴി മാറിപ്പോകുക. എല്ലാ ജീവിത സന്ദർഭങ്ങളിലും സംഘർഷം ഒഴിവാക്കുക. സംഘർഷ രഹിതമായ ജീവിതം മുക്തമായ ജീവിതമാണ്.

**ഡോ. നീരുബെൻ അമീൻ**

# സംഘർഷം ഒഴിവാക്കുക

## (1) കലഹിക്കരുത്

"ആരുമായും സംഘർഷത്തിന് ഒരുങ്ങരുത്
-- അത് ഒഴിവാക്കാൻ ശ്രമിക്കുക."

നിങ്ങളെന്റെ ഈ വാക്കുകൾ സ്വാംശീകരിക്കുകയാണെങ്കിൽ നിങ്ങൾക്ക് മോക്ഷം നേടാം. നിങ്ങളുടെ അർപ്പണബോധവും എന്റെ വാക്കിന്റെ ശക്തിയും എല്ലാ ജോലിയും ചെയ്യും. നിങ്ങളുടെ സമ്മതം മാത്രമാണ് ആവശ്യം. എന്റെ ഒരൊറ്റ വാചകത്തിന്റെ ശരിയായ സ്വാംശീകരണം കൊണ്ട് ഒരാൾ മോക്ഷത്തിലേക്ക് നയിക്കപ്പെടും. എന്റെ ഒരൊറ്റ വാക്കായാൽ പോലും, ഒരാൾക്ക്, അതിന്റെ ശരിയായ അർത്ഥത്തിൽ അത് ഉൾക്കൊള്ളാൻ കഴിഞ്ഞാൽ, അയാളുടെ ജോലി പൂർത്തിയായി. അത് വേണ്ട രീതിയിൽ കുതിർത്തു എടുക്കണം എന്നതാണ് താക്കോൽ.

എന്റെ ഒരൊറ്റവാക്കിനോട്, ഒരു ദിവസത്തേക്കെങ്കിലും, ആത്മീയമായ അർപ്പണം നിലനിർത്തിയാൽ അത് അത്യധികമായ ആന്തരിക ശക്തി ഉല്പാദിപ്പിക്കും. എത്ര ഗൗരവമുള്ളവയായാലും, എല്ലാ തരത്തിലുമുള്ള സംഘർഷങ്ങൾ പരിഹരിക്കാൻ ഉള്ള അനന്തമായ ശക്തികൾ നിങ്ങൾക്കകത്തുണ്ട്.

സ്വയം ആത്മ നാശത്തിന്റെ പാതയിൽ സഞ്ചരിക്കാൻ തീരുമാനിച്ച ഒരാളുമായി നിങ്ങൾ എന്തിന് സംഘർഷണത്തിൽ ഏർപ്പെടണം? അങ്ങനെയുള്ള ഒരാൾ ഒരിക്കലും മുക്തി നേടുകയില്ല. മാത്രമല്ല, നിങ്ങളുടെ മുക്തിക്കു തടസ്സം സൃഷ്ടിക്കുകയും ചെയ്യും. നിങ്ങളുടെ ബുദ്ധിയെ അത്തരക്കാരുമായുള്ള ഇടപാടുകളിൽനിന്നും ഒഴിവാക്കുക. അത്തരം സന്ദർഭങ്ങളിൽ വളരെ ശ്രദ്ധാലുക്കളാവുക. ഉരസലുണ്ടാക്കാതെ സ്വസ്ഥമായി പുറത്തു കടക്കുക. നിങ്ങളുടെ മോക്ഷത്തിനുള്ള തീവണ്ടി പ്ലാറ്റ്ഫോം വിടാൻ തയ്യാറായി

നില്ക്കുകയാണ്. അപ്പോഴാണ് നിങ്ങളുടെ ട്രൗസർ കമ്പിവേലിയിൽ കുടുങ്ങിയിരിക്കുന്നത്. അങ്ങനെ ഒരു സാഹചര്യത്തിൽ ട്രൗസർ ശരിയായി വേർപ്പെടുത്താൻ സമയമുണ്ടാവില്ല. അത് കീറിക്കോട്ടെ. തീവണ്ടി നഷ്ടപ്പെടാതിരിക്കാനാണ് നിങ്ങൾ ശ്രദ്ധിക്കേണ്ടത്. ലൗകിക സാഹചര്യങ്ങളിൽ ഒരു നിമിഷം പോലും ഉടക്കി നില്ക്കുന്നത് ഗുണകരമല്ല. ലൗകിക വ്യവഹാരങ്ങളിൽ പെട്ടു നില്ക്കുന്ന എല്ലാ സാഹചര്യങ്ങളിലും നിങ്ങൾ ആത്മാവിനെ മറക്കുന്നു.

എപ്പോഴെങ്കിലും, നിങ്ങൾ ആരോടെങ്കിലും, വേണം എന്ന് വെച്ചോ അല്ലാതെയോ സംഘർഷത്തിൽ പെട്ടു പോകുമ്പോൾ, നിങ്ങൾ ആ സാഹചര്യത്തെ സമ ചിത്തതയോടെ കൈകാര്യം ചെയ്യുകയും അതിൽ നിന്നും ശത്രുതയൊന്നും സൃഷ്ടിക്കാതെ പുറത്തു കടക്കുകയും വേണം.

## (2) ഗതാഗത നിയമങ്ങൾ അപകടങ്ങൾ ഒഴിവാക്കുന്നു

തിരക്കു പിടിച്ച ഒരു റോഡ് മുറിച്ചു കടക്കുമ്പോൾ അപകടമുണ്ടാകാതിരിക്കാൻ, നിങ്ങൾ വളരെ ശ്രദ്ധാലുവായിരിക്കും. നിങ്ങളുടെ നിത്യ ജീവിത വ്യവഹാരങ്ങളിലും അത്തരം ശ്രദ്ധ ചെലുത്തു. നിങ്ങളുടെ ഉറച്ച തീരുമാനം, മറ്റെ ആൾ എത്ര വെറുക്കപ്പെട്ടവനും ക്രൂരനും ആയാലും, ആരെയും വേദനിപ്പിക്കാതെ ഇരിക്കാൻ ആയിരിക്കണം. നിങ്ങൾ എത്ര തന്നെ ശ്രദ്ധിച്ചാലും, എതിരാളി വീണ്ടും സംഘർഷമുണ്ടാക്കി നിങ്ങളെ മുറിവേല്പിച്ചു എന്നു വരാം. എല്ലാ സംഘർഷങ്ങളിലും ഇരുഭാഗത്തിനും കഷ്ടപ്പാടുണ്ടാവും. നിങ്ങളൊരാളെ വേദനിപ്പിച്ചാൽ, അപ്പോൾ തന്നെ നിങ്ങളും തീർച്ചയായും വേദന അനുഭവിക്കേണ്ടി വരും. അതുകൊണ്ട് ഗതാഗത നിയമങ്ങളിലെ യുക്തി ഞാൻ നിങ്ങൾക്ക് ഉദാഹരണമായി നല്കുകയാണ്. നിങ്ങൾ ഒരു അപകടത്തിന് കാരണ കാരൻ ആവുക ആണെങ്കിൽ, കൂട്ടിയിടി മാരകം ആകാൻ ഇട ഉള്ളതു കൊണ്ട്, നിങ്ങളും കൊല്ല പെട്ടേക്കാം. അതുകൊണ്ട് ആരുമായും സംഘർഷത്തിലേർപ്പെടരുത്. അതേ പോലെ, ലൗകിക ജീവിത

വ്യവഹാരങ്ങളിലും, എപ്പോഴും അപകട സാഹചര്യങ്ങൾ ഉള്ളതു കൊണ്ട്, സംഘർഷങ്ങളുണ്ടാക്കരുത്. മാത്രമല്ല, സംഘർഷങ്ങൾ വല്ലപ്പോഴുമേ ഉണ്ടാവാറുള്ളൂ. മാസത്തിൽ ഇരുന്നൂറു വട്ടം സംഘർഷസാധ്യതയുണ്ടാവുമോ? ഒരു മാസത്തിൽ നിങ്ങൾക്ക് എത്ര വട്ടം സംഘർഷസാധ്യതയുണ്ടാവാറുണ്ട്?

**ചോദ്യകർത്താവ്:** ഒരു പക്ഷെ, രണ്ടോ നാലോ വട്ടം.

**ദാദാശ്രീ:** അവ പരിഹരിക്കപ്പെടേണ്ടവയാണ്. നമ്മളെന്തിന് സംഭവങ്ങളെ സംഘർഷങ്ങൾകൊണ്ട് നശിപ്പിക്കണം? അത് നമുക്കൊട്ടും യോജിച്ചതല്ല. കർശന നിയമങ്ങളായ ഗതാഗത നിയമങ്ങൾ ആളുകൾ അനുസരിക്കും. അവർ സ്വന്തം ഇഷ്ടം പോലെ വാഹനമോടിക്കില്ല. ഉവ്വോ? അതു കൊണ്ട് അവർ അപകടങ്ങളിൽ നിന്നും രക്ഷപ്പെടുന്നു. അതു പോലെ നിത്യ ജീവിതത്തിലും നിങ്ങൾ സംഘർഷങ്ങൾ ഒഴിവ് ആക്കാൻ സഹായമായ നിയമങ്ങൾ പാലിക്കണം. നിങ്ങൾ നിങ്ങളുടെ സ്വന്തം നിയമങ്ങളും വ്യാഖ്യാനങ്ങളും പിന്തുടരുന്നതു കൊണ്ടാണ് സംഘർഷങ്ങൾ ഉണ്ടാകുന്നത്. ഗതാഗതം സുഗമമായി നടക്കാൻ ഒരു വിഷമവും ഉണ്ടാകുന്നില്ല, കാരണം എല്ലാവരും ഗതാഗത നിയമങ്ങൾ അനുസരിക്കുന്നു. അതേ നിയമങ്ങൾ നിങ്ങൾ തിരിച്ചറിവോടെ ഉപയോഗിക്കുക ആണെങ്കിൽ നിങ്ങൾ ഒരിക്കലും ബുദ്ധിമുട്ടുകളിൽ പെടുകയില്ല. ജീവിത നിയമങ്ങളിൽ നിങ്ങളുടെ പരിമിതമായ വ്യാഖ്യാനങ്ങൾ മൂലമാണ് പ്രശ്നങ്ങളുണ്ടാകുന്നത്. ജീവിത നിയമങ്ങൾ മനസ്സിലാക്കുന്നതിൽ അടിസ്ഥാന പരമായ തെറ്റു സംഭവിക്കുന്നു. ഈ നിയമങ്ങൾ വിശദീകരിച്ചുതരുന്ന ആൾ ഈ നിയമങ്ങളെക്കുറിച്ച് വ്യക്തമായ അനുഭവമുള്ള ആളായിരിക്കണം.

നിങ്ങൾ എത്ര ഭംഗിയായാണ് ഗതാഗത നിയമങ്ങൾ പാലിക്കുന്നത് എന്നു നോക്കൂ. അവ അനുസരിക്കുമെന്ന് നിങ്ങൾ ഉറച്ച് തീരുമാനിച്ചിരിക്കുന്നതു കൊണ്ടാണ് അത് അങ്ങനെ സംഭവിക്കുന്നത്. എന്തു കൊണ്ട് നിങ്ങളുടെ ഇഗൊ ഈ

നിയമങ്ങളൊന്നും കാര്യമാക്കണ്ട എന്നു പറയുന്നില്ല? കാരണം ബുദ്ധികൊണ്ട് നിങ്ങൾ മനസ്സിലാക്കിയിരിക്കുന്നു അത് നിങ്ങൾക്ക് മുറിവോ മരണം തന്നെയോ നല്കിയേക്കാമെന്ന്. അതാണ് നിങ്ങൾക്ക് നിങ്ങളുടെ പഞ്ചേന്ദ്രിയ അനുഭവം കൊണ്ട് മനസ്സിലാക്കാൻ കഴിയുന്നത്. അതേസമയം, ബുദ്ധിക്ക്, ആരോട് എങ്കിലും സംഘർഷമുണ്ടാക്കിയാൽ അത് മാരകമായേക്കാം എന്നു തിരിച്ചറിയാൻ കഴിയുന്നില്ല. കാരണം അത് നിങ്ങളുടെ ഈ ജീവിതത്തിലെ പഞ്ചേന്ദ്രിയ വേദനത്തിനും അപ്പുറത്തു ഉള്ള കാര്യമാണ്. ഇത് വളരെ സൂക്ഷ്മമായ കാര്യമാണ്. അതുകൊണ്ട് ഉണ്ടാകുന്ന ദോഷവും സൂക്ഷ്മമാണ്.

## (3) ആദ്യമായാണ് ഈ അടിസ്ഥാനനിയമങ്ങൾ ലോകത്തിൽ വെളിവാക്കപ്പെടുന്നത്.

1951-ൽ, എനിക്കുവേണ്ടി ജോലി ചെയ്തിരുന്ന ഒരു മാന്യൻ, ആവർത്തിച്ചു കൊണ്ടിരിക്കുന്ന ജനനമരണ ചക്രങ്ങളിൽ നിന്നും മോചനം നേടാൻ ഒരു വഴി കാണിച്ചു കൊടുക്കാൻ എന്നോട് ആവശ്യപ്പെട്ടു. അതുകൊണ്ട് ഞാൻ അദ്ദേഹത്തിന് ഈ ഒരു തത്വം പറഞ്ഞു കൊടുത്തു. ഞാൻ അയാളോട് പറഞ്ഞു : ***"സംഘർഷമൊഴിവാക്കുക."***

ഞാൻ ഒരു ദിവസം ഒരു ആത്മീയ ഗ്രന്ഥം വായിച്ചു കൊണ്ടിരിക്കുക ആയിരുന്നു. അപ്പോഴാണ് അദ്ദേഹം വന്നത്. എന്തെങ്കിലും ആത്മീയമായ അറിവ് നല്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. ഞാൻ അയാളോട് പറഞ്ഞു: “ഞാൻ നിങ്ങൾക്ക് എന്തു തരാനാണ്? നിങ്ങൾ എല്ലാവരോടും ശണ്ഠ കൂടുന്നു. ശാരീരികമായ സംഘർഷത്തിനു പോലും നിങ്ങൾ തയ്യാറാവുന്നു!” അദ്ദേഹം ഞങ്ങളുടെ വ്യവസായ സ്ഥാപനത്തിന്റെ ധനം ബുദ്ധി ശൂന്യമായി വ്യർത്ഥമാക്കും. അദ്ദേഹം തീവണ്ടിയിൽ ടിക്കറ്റ് എടുക്കാതെ യാത്ര ചെയ്യും. കൂടാതെ അധികാരികളോട് വഴക്കു കൂടുകയും ചെയ്യും. എനിക്ക് അദ്ദേഹത്തെ കുറിച്ച് എല്ലാം

അറിയാമായിരുന്നു. എങ്കിലും അദ്ദേഹം വളരെ നിർബ്ബന്ധ ബുദ്ധി കാണിച്ചു. എന്നോട് അപേക്ഷിച്ചു: ''ദാദാജി, എന്നെയും ഒന്ന് പരിഗണിക്കൂ. നിങ്ങൾ മറ്റുള്ളവർക്ക് നല്കുന്ന ആത്മീയമായ അറിവിൽ അല്പം എനിക്കും നല്കൂ.'' ഞാൻ മടിച്ചു: ''അതുകൊണ്ട് നിങ്ങൾക്കെന്തു ഗുണമുണ്ടാകാനാണ്? നിങ്ങൾ മാറില്ല! എന്തൊക്കെ ആയാലും നിങ്ങൾ ആളുകളോട് വഴക്കു തുടർന്നു കൊണ്ടിരിക്കും.''

അദ്ദേഹം പത്തു രൂപയുടെ ട്രെയിൻ ടിക്കറ്റെടുക്കില്ല, എന്നാൽ ഇരുപതു രൂപ മറ്റുള്ളവർക്ക് ചായയും പലഹാരവും വാങ്ങി കൊടുക്കാൻ ചിലവാക്കുകയും ചെയ്യും. കമ്പനിക്ക് ആകെ നഷ്ടം പത്തു രൂപ വരും. അതായിരുന്നു അദ്ദേഹത്തിന്റെ ശ്രേഷ്ഠത! അദ്ദേഹം വരുന്ന സമയത്ത് ഞാനദ്ദേഹത്തെ ഹൃദയ പൂർവ്വം അഭിവാദനം ചെയ്യുമ്പോൾ അദ്ദേഹം സന്തോഷം കൊണ്ട് ജ്വലിക്കും. ''എന്തെങ്കിലും പഠിപ്പിച്ചു തരൂ, ദാദാ,'' അദ്ദേഹം അപേക്ഷിക്കും. ഞാൻ അയാളോടു പറഞ്ഞു "നിങ്ങൾ എന്നും ആരോടെങ്കിലും വഴക്കുണ്ടാക്കി ഇവിടെ വരുന്നു. ഞാൻ വേണം അവരുടെ ആക്ഷേപങ്ങൾ കേൾക്കാൻ.'' അദ്ദേഹം നിർബ്ബന്ധിച്ചു, "അങ്ങനെയാണ് എങ്കിലും ദാദാ, എനിക്ക് എന്തെങ്കിലും തരൂ." ഞാനപ്പോൾ പറഞ്ഞു. ''ഞാൻ നിങ്ങൾക്ക് ഒരൊറ്റ വാചകം മാത്രം തരാം. അത് നിങ്ങൾ അതിന്റെ തത്വം ശരിയായി പാലിക്കും എന്ന വ്യവസ്ഥയിൽ മാത്രമാണ്.'' അദ്ദേഹം അത് സമ്മതിച്ചു. അങ്ങനെ ഞാൻ പറഞ്ഞു. "ആരുമായും സംഘർഷത്തിൽ ഏർപ്പെടരുത്.'' സംഘർഷം എന്നത് എന്താണെന്ന് വിശദീകരിക്കാൻ അദ്ദേഹം എന്നോടാവശ്യപ്പെട്ടു. ഞാനത് വ്യക്തമാക്കിക്കൊടുത്തു.

ഞാൻ പറഞ്ഞുതുടങ്ങി: ''നിങ്ങൾ നടക്കുകയാണ്. നിങ്ങളുടെ വഴിയിൽ ഒരു ഇരുമ്പുതൂൺ ഉണ്ടെന്ന് കരുതുക. നിങ്ങളതിനെ ചുറ്റിക്കൊണ്ടു പോകുമോ, അതോ അതിൽ ചെന്നിടിക്കുമോ? ''അതിൽ ചെന്നിടിച്ചാൽ എന്റെ തലക്ക് മുറിവുണ്ടായേക്കാം.'' ഞാൻ

വീണ്ടും ചോദിച്ചു, "ഒരു കാള നിങ്ങളുടെ നേരെ വരികയാണെങ്കിൽ നിങ്ങൾ അതിൽ നിന്നും വഴി മാറുമോ അതോ അതിന്റെ നേരെ ചെല്ലുമോ? അദ്ദേഹം മറുപടി പറയുന്നു, "അതിന്റെ നേരെ ചെന്നാൽ അത് അപകടമാണ് എന്ന് എനിക്ക് അറിയാം. അതുകൊണ്ട് സ്വാഭാവികമായും അതിൽ നിന്നും മാറിപ്പോകും." "വഴിയിൽ ഒരു പാമ്പിനേയോ, ഒരു പാറക്കല്ലോ കണ്ടാലോ?" ഞാൻ വീണ്ടും ചോദിച്ചു. "അവയിൽ നിന്നായാലും ഞാൻ മാറിപ്പോകുക തന്നെ ചെയ്യും." അദ്ദേഹം പറഞ്ഞു. "എന്തുകൊണ്ട്?" ഞാൻ ചോദിച്ചു. "എന്റെ നന്മക്ക്. ഞാൻ ഏറ്റുമുട്ടിയാൽ എനിക്ക് അപകടമുണ്ടാവും." അദ്ദേഹം പ്രതികരിച്ചു.

ഈ ലോകത്തിൽ പാറ പോലെയും കാളകളെ പോലെയും പാമ്പിനെ പോലെയും തൂണ പോലെയും ഒക്കെ ഉള്ള ആളുകളുണ്ട്. മറ്റു ചിലർ മനുഷ്യരെ പോലെ ആവും. അവർ ആരുമായും സംഘർഷണത്തിൽ ഏർപ്പെടരുത്. പുറത്തു കടക്കാനുള്ള ഒരു വഴി തേടുക. 1951-ലാണ് ഞാനീ ഉപദേശം അദ്ദേഹത്തിനു നല്കിയത്. അന്നുമുതൽ അതദ്ദേഹം ഗൗരവമായി എടുത്തു. പിന്നീട് ആരുമായും സംഘർഷമുണ്ടാക്കിയില്ല. അദ്ദേഹത്തിന്റെ ബോസ് അദ്ദേഹത്തിന്റെ അമ്മാവൻ തന്നെ ആയിരുന്നു. അദ്ദേഹത്തിൽ വന്ന മാറ്റം കണ്ട് അമ്മാവൻ പല വിധത്തിലും, വേണമെന്നു വെച്ചു തന്നെ അദ്ദേഹത്തെ പ്രകോപിപ്പിക്കാൻ നോക്കി. അതെല്ലാം വ്യർത്ഥമാ. ഒന്നും തന്നെ ബാധിക്കാൻ അദ്ദേഹം അനുവദിച്ചില്ല. 1951-നുശേഷം അദ്ദേഹം ആരുമായും സംഘർഷമുണ്ടാക്കിയില്ല.

## (4) ഈ രീതിയിൽ ജീവിതത്തിലെ സംഘർഷങ്ങൾ പരിഹരിക്കുക

നിങ്ങൾ ഒരു തീവണ്ടിയിൽ വന്ന് ഇറങ്ങുന്നു. നിങ്ങളുടെ ബാഗുകളെടുക്കാൻ ആരെയെങ്കിലും കിട്ടുമോ എന്ന് ചുറ്റും നോക്കുന്നു. കുറെ പോർട്ടർമാർ നിങ്ങളുടെ അടുത്തേക്ക് ഓടിവരുന്നു.

അവരിലൊരാളെ പെട്ടികളെടുക്കാൻ നിങ്ങൾ അനുവദിക്കുന്നു. അയാൾ പെട്ടികൾ പുറത്തെത്തിക്കുന്നു. എന്നാൽ കൂലി കൊടുക്കുന്ന സമയത്ത് നിങ്ങൾ അയാളുമായി വഴക്കിടുന്നു. "ഞാൻ സ്റ്റേഷൻ മാസ്റ്ററെ വിളിക്കാൻ പോവുകയാണ്. ഇത്ര അധികം കാശു ചോദിക്കാൻ നിങ്ങൾക്ക് എങ്ങനെ ധൈര്യം വന്നു?" നിങ്ങൾ വാഗ്വാദത്തിനു നില്ക്കുന്നു. വിഢ്ഢി! ഇത്തരം കാര്യങ്ങളിൽ നിങ്ങൾ വഴക്കിനൊരുങ്ങരുത്. അയാളൊരു രണ്ടര രൂപ ചോദിച്ചാൽ നിങ്ങൾ മൃദുവായി പറയണം, "ശരിക്കും ചേട്ടാ, ഇത് ഒരു രൂപക്കുള്ളപണിയെ ഉള്ളു. പോട്ടെ. സാരമില്ല. രണ്ടു രൂപ പിടിക്കു!" നിങ്ങൾ മനസ്സിലാക്കണം അയാൾ നിങ്ങളെ അത്ര എളുപ്പം വിട്ടു തരില്ല എന്ന്. അതുകൊണ്ട് കുറച്ചു രൂപ കൊടുത്ത് പ്രശ്നം പരിഹരിക്കണം. ഇത് സംഘർഷമുണ്ടാക്കാനുള്ള സ്ഥലം അല്ല. അയാളെ കൂടുതലായി ഇളക്കി വിട്ടാൽ അയാൾ എന്താണ് നിങ്ങളെ ചെയ്യാൻ പോകുന്നത് എന്ന് പറയാനാവില്ല. ഒരു പക്ഷെ വീട്ടിൽ നിന്നും അയാൾ മോശമായ മാനസികാവസ്ഥയിൽ ആവാം പുറപ്പെട്ടത്. അയാളെ ദേഷ്യപ്പെടുത്തിയാൽ അയാളൊരു കത്തി തന്നെ പുറത്തെടുത്തെന്നു വരാം. അയാളൊരു കാളയെപ്പോലെ വഴക്കമില്ലാത്തവനായി നിങ്ങളെ ഉപദ്രവിച്ചേക്കാം.

ഒരാൾ വന്ന് നിങ്ങൾക്ക് എതിരെ പരുക്കനും ചീത്തയുമായ വാക്കുകൾ പറയാൻ തുടങ്ങിയാൽ നിങ്ങൾ സംഘർഷം ഒഴിവാക്കാൻ വളരെ ശ്രദ്ധിക്കണം. തുടക്കത്തിൽ നിങ്ങൾക്കത് മാനസികമായി ബാധിച്ചില്ല എന്നു വരാം. എന്നാൽ പിന്നീട് നിങ്ങളുടെ മനസ്സിൽ അസന്തോഷം ഉണ്ടാവാൻ തുടങ്ങുമ്പോൾ മനസ്സിലാക്കണം അയാളുടെ മാനസിക അവസ്ഥ നിങ്ങളെ ബാധിക്കാൻ തുടങ്ങുകയാണ് എന്ന്. അതുകൊണ്ട് നിങ്ങൾ വഴി മാറണം. നിങ്ങളുടെ അറിവ് വർദ്ധിക്കും തോറും നിങ്ങൾക്ക് സംഘർഷങ്ങളിൽ നിന്നും ഒഴിവാവാൻ സാധിക്കും. സംഘർഷം ഒഴിവാക്കാൻ കഴിഞ്ഞാലേ മോക്ഷം സാധ്യമാവുകയുള്ളു.

ഈ ലോകം സ്വയം ഒരു സംഘർഷം ആണ്. ഈ സംഘർഷം തരംഗ രൂപത്തിലാണ്. അതുകൊണ്ട് സംഘർഷം ഒഴിവാക്കുക. ഈ ലോകം സംഘർഷത്തിലൂടെ സൃഷ്ടിക്കപ്പെടുകയും പ്രതികാരത്തിലൂടെ നില നിർത്തപ്പെടുകയും ചെയ്യുന്നു. എല്ലാ മനുഷ്യരും, എല്ലാ ജീവജാലങ്ങളും പ്രതികാരം നില നിർത്താൻ കഴിവുള്ളവരാണ്. അത്യധികമായ സംഘർഷം നിങ്ങൾക്കെതിരെ പ്രതികാരം ചെയ്യാതെ വിട്ടുപോകുകയില്ല. പാമ്പായാലും തേളായാലും കാളയായാലും, എന്തായാലും അവ നിങ്ങൾക്കെതിരെ ഒരു വിരോധം സൂക്ഷിക്കും. അതിനു കാരണം എല്ലാറ്റിലും ഒരു ആത്മാവു വസിക്കുന്നു എന്നതും ആ ആത്മാക്കളുടെ ശക്തി എല്ലാറ്റിലും ഒരേ പോലെയാണ് എന്നതുമാണ്. ഒരു ജീവി സംഘർഷത്തിലേർപ്പെട്ടുമ്പോൾ തന്റെ ശക്തി ഹീനത കൊണ്ട് ഒഴിഞ്ഞു പോയെന്ന് വരാം. എന്നാൽ അകത്ത് വിരോധം സൃഷ്ടിക്കപ്പെട്ടും. ഈ വിരോധത്തിന്റെ വിത്ത് അടുത്ത ജന്മത്തിൽ പ്രകടമാകുന്നു.

ഒരാൾ അത്യധികം സംസാരിക്കുമ്പോൾ അയാൾ പറയുന്നത് മുഴുവൻ നമുക്കുള്ളിൽ സംഘർഷമുണ്ടാക്കണമെന്നില്ല. ഇത്തരമാണ്. തീർച്ചയായും വാക്കുകൾ പലതരമുണ്ട്. എല്ലാ വാക്കുകളും സംഘർഷത്തിന് കാരണം ആകണം എന്ന് വ്യവസ്ഥയൊന്നുമില്ല. ആളുകൾക്ക് പരസ്പരം എപ്പോഴും സംഘർഷം ഉണ്ടാക്കുന്ന സ്വഭാവമുണ്ട്. നമ്മുടെ ഇഗോയുടെ സംതൃപ്തിക്കു വേണ്ടി മറ്റുള്ളവരെ ചൊടിപ്പിക്കുന്ന വാക്കുകൾ പറയുന്നതാണ് ഏറ്റവും വലിയ കുറ്റം. മറ്റുള്ളവർ അങ്ങനെയുള്ള വാക്കുകൾ പറയുകയാണെങ്കിൽ അവ കുഴിച്ചുമൂടി മറന്നു കളയുന്നതാണ് ഏറ്റവും നല്ലത്. അങ്ങനെ ചെയ്യാൻ കഴിയുന്ന ആൾ മനുഷ്യനെന്നു വിളിക്കപ്പെടാൻ യോഗ്യനാണ്.

## (5) സഹിക്കുകയല്ല, ഒരു പരിഹാരം കാണുക

**ചോദ്യകർത്താവ്:** ദാദാ, അങ്ങ് സംഘർഷമൊഴിവാക്കുക എന്നു പറയുമ്പോൾ അതിന്റെ അർത്ഥം ഞങ്ങൾ സഹനശീലം പരിശീലിക്കണമെന്നാണോ?

**ദാദാശ്രീ:** അല്ല, സംഘർഷമൊഴിവാക്കുക എന്നാൽ സഹിക്കുക എന്നല്ല അർത്ഥം. നിങ്ങൾക്ക് സഹിക്കാനുള്ള ശക്തി പരിമിതമാണ്. എത്ര നിങ്ങൾക്ക് സഹിക്കാനാവും? അത് ഒരു സ്പ്രിങ്ങിനെ അമർത്തുന്നതിന് സമാനമാണ്. എത്ര കാലം ഒരു സ്പ്രിങ്ങിനെ അമർത്തി വെയ്ക്കാൻ കഴിയും? അതുകൊണ്ട് സഹിക്കാൻ പഠിക്കരുത്. എങ്ങനെ ഒരു പരിഹാരത്തിലെത്താൻ കഴിയും എന്നാണ് പഠിക്കേണ്ടത്. ഈ നിയമങ്ങളറിയാതെ, ഒരാൾക്ക് സഹനമല്ലാതെ മറ്റു മാർഗ്ഗം ഒന്നും ഇല്ല. എപ്പോൾ ആയാലും അമർത്തിവെച്ച സ്പ്രിങ്ങ് തെറിച്ച് വലിയ അപകടമുണ്ടാക്കും. പക്ഷെ എന്തുചെയ്യാം അതാണ് പ്രകൃതിനിയമം.

ആർക്കെങ്കിലും വേണ്ടി നിങ്ങൾ സഹിക്കണമെന്ന് ഒരു ലോകനിയമവുമില്ല. മറ്റുള്ളവർ കാരണം നിങ്ങൾ സഹിക്കേണ്ടി വരുന്നതെല്ലാം നിങ്ങളുടെ തന്നെ കഴിഞ്ഞ ജന്മത്തിലെ തീർക്കപ്പെടേണ്ട കണക്ക് മാത്രമാണ്. ഈ കണക്ക് എവിടന്നു വന്നു എന്ന് നിങ്ങൾക്കറിയില്ല. അതുകൊണ്ട് നിങ്ങളതു നിങ്ങൾക്കു നേരെ വരുന്ന പുതിയതെന്തോ ആണെന്ന് കരുതുന്നു. ആരും പുതിയ കണക്കുണ്ടാക്കുന്നില്ല. അത് നിങ്ങൾക്ക് തിരിച്ചു വരുന്ന പഴയ കണക്കുകൾ (കഴിഞ്ഞ ജന്മത്തിലെ കർമ്മത്തിന്റെ ഫലം) മാത്രമാണ്. നമ്മുടെ ജ്ഞാനത്തിൽ (ആത്മജ്ഞാനം) നാം ഒന്നും സഹിക്കേണ്ടതായിട്ടില്ല. നാം ജ്ഞാനത്തിലൂടെ മറ്റെ ആൾ ശുദ്ധാത്മാവാണെന്ന് നിരീക്ഷിക്കുക മാത്രം ചെയ്യുന്നു. അയാൾ നമ്മുടെ പഴയ കണക്കുകൾ തീർക്കാൻ എത്തിയിരിക്കുന്ന നിമിത്തം ആണെന്നും നിരീക്ഷിക്കുന്നു. ഈ ബോധം പ്രശ്ന പരിഹാരം ആയിത്തീരുന്നു .

**ചോദ്യകർത്താവ്:** അതിന്റെ അർത്ഥം ഇതെല്ലാം തീർക്കപ്പെടേണ്ട കടങ്ങളാണെന്നും അതുകൊണ്ടാണ് അവ ഉയർന്നു വരുന്നതെന്നും മനസ്സുകൊണ്ട് സ്വീകരിക്കണമെന്നാണോ?

**ദാദാശ്രീ :** വ്യക്തി സ്വയം ഒരു ശുദ്ധാത്മാവാണ്. ഇതാണ് അയാളുടെ പ്രകൃതി (സങ്കീർണ്ണമായ സവിശേഷതകൾ ). പ്രകൃതി ആണ് ചിന്തകളിലൂടെയും, വാക്കുകളിലൂടെയും പ്രവൃത്തികളിലൂടെയും ഫലങ്ങൾ കൊണ്ടു വരുന്നത്. നിങ്ങൾ ഒരു ശുദ്ധാത്മാവാണ്, അതുപോലെ അയാളും. നിങ്ങളുടെ രണ്ടു പേരുടേയും പ്രകൃതികൾ പരസ്പരം കണക്കുകൾ തീർക്കുക മാത്രമാണ് ചെയ്യുന്നത്. മറ്റെ ആൾ നിങ്ങളെ വേദനിപ്പിക്കുന്നതായി തോന്നുന്നു, കാരണം അയാളുടെ പ്രകൃതി ചിന്തകളിലൂടെയും പ്രവൃത്തികളിലൂടെയും വാക്കുകളിലൂടെയും വെളിവാകുകയാണ്. ഞാൻ നിങ്ങളെ പഠിപ്പിക്കുന്നത് ഈ പ്രക്രിയ എന്താണെന്ന് ശരിയായി മനസ്സിൽ ആക്കാൻ ആണ്. മറ്റെ ആളെ ശുദ്ധാത്മാവായി കണക്കാക്കുക, അയാളുടെ പ്രകൃതി നിങ്ങളുടെ കണക്കു തീർക്കപ്പെടാൻ സ്വയം വെളിവാക്കപ്പെടുകയാണ്. അയാൾ, നിങ്ങളുടെ തുറന്നു വരുന്ന കർമ്മങ്ങളുടെ കണക്കുകൾ തീർക്കുന്നതിൽ വെറും നിമിത്തം മാത്രമാണ്. ഈ പരിഹാരത്തിന്റെ അറിവിലൂടെ സഹനം ആവശ്യമില്ലാതാകുന്നു.

നിങ്ങൾ സഹനം തുടർന്നാൽ എന്തു സംഭവിക്കും? ഒരു ദിവസം ആ സ്പ്രിങ്ങ് പൊട്ടിത്തെറിക്കും. ഒരു സ്പ്രിങ്ങ് തെറിക്കുന്നത് നിങ്ങൾ കണ്ടിട്ടില്ലേ? എന്റെ സ്പ്രിങ്ങ് പല പ്രാവശ്യം പൊട്ടിത്തെറിക്കാറുണ്ട്. ഞാൻ ദിവസങ്ങളോളം സഹിക്കും. പിന്നെ അത് തിരിച്ചടിക്കും. ഞാൻ എല്ലാം തകിടം മറിക്കും. അജ്ഞതാവസ്ഥയിൽ ഇങ്ങനെ സംഭവിച്ചു കൊണ്ടേയിരുന്നു. ഞാനത് നന്നായി ഓർക്കുന്നു. എനിക്കത് നന്നായി അറിയാം. അതുകൊണ്ടാണ് ഞാൻ നിങ്ങളോടു സഹനം ശീലിക്കരുതെന്ന് പറയുന്നത്. അജ്ഞതാവസ്ഥയിൽ ആണ് ഒരാൾ സഹിക്കേണ്ടി വരുന്നത്. എന്നാൽ ഈ അറിവ് ലഭിക്കുന്നതിലൂടെ ഇതിനെല്ലാം പിറകിലുള്ള കാരണം അപഗ്രഥിച്ച് മനസ്സിലാക്കുകയേ നാം ചെയ്യേണ്ടതുള്ളൂ. നമ്മുടെ കണക്കുകൾ തുറന്നു വരുന്ന രീതിയിൽ നിന്നും ഫലങ്ങൾ പ്രത്യക്ഷമാണ്. നമ്മുടെ കണക്കുകൾക്കകത്തല്ലാതെ ഒന്നും തന്നെ സംഭവിക്കുന്നില്ല.

## (6) നിങ്ങളുടെ തെറ്റുകളിലൂടെ നിങ്ങൾ സംഘർഷമുണ്ടാക്കി

ഈ ലോകത്തിൽ, നിങ്ങൾ അഭിമുഖീകരിക്കേണ്ടി വരുന്ന എല്ലാ സംഘർഷങ്ങളും നിങ്ങളുടെ തെറ്റുകൾകൊണ്ട് മാത്രം ഉണ്ടായിട്ടുള്ളതാണ്. കുറ്റപ്പെടുത്താൻ ആരുമില്ല. എന്തായാലും ആളുകൾ സംഘർഷത്തിൽ ചെന്നു ചാടും. നിങ്ങളെന്തിനു വഴക്കിൽ ചെന്നുചാടി എന്നു ചോദിച്ചാൽ പറയും "അവരുണ്ടാക്കിയതാണ്!" എന്ന്. അതുകൊണ്ട് അയാൾ കുരുടനാണ്, സംഘർഷം ഉണ്ടാക്കുമ്പോൾ നിങ്ങളും കുരുടനായി.

**ചോദ്യകർത്താവ്:** ഒരു സംഘർഷത്തിനകത്ത് വേറൊരു സംഘർഷമുണ്ടാക്കിയാൽ എന്തു സംഭവിക്കും?

**ദാദാശ്രീ:** നിങ്ങളുടെ തല പൊളിയും! ഒരു സംഘർഷമുണ്ടായാൽ നിങ്ങളെന്താണ് മനസ്സിലാക്കേണ്ടത്?

**ചോദ്യകർത്താവ്:** അത് എന്റെ തെറ്റാണ്.

**ദാദാശ്രീ:** അതെ. നിങ്ങൾ ആ തെറ്റ് ഉടനെ സ്വീകരിക്കണം. ഒരു സംഘർഷമുണ്ടായാൽ, അതുണ്ടാവാൻ എന്തോ നിങ്ങൾ ചെയ്തിട്ടുണ്ട് എന്ന് നിങ്ങൾ ഉടനെ മനസ്സിലാക്കണം. നിങ്ങളുടെ തെറ്റിനെക്കുറിച്ച് നിങ്ങൾക്ക് ബോധമുണ്ടായാൽ നിങ്ങൾക്ക് പരിഹാരവും ലഭിക്കും, അങ്ങനെ ആ പ്രശ്നം തീരും. മറ്റെ ആളുടെ തെറ്റ് അന്വേഷിച്ചു കൊണ്ടിരുന്നാൽ, നിങ്ങളുടെ പ്രശ്നം തുടർന്നു കൊണ്ടിരിക്കും. നമ്മളാണ് തെറ്റുകാർ എന്ന് നാം വിശ്വസിക്കുകയും അതു സ്വീകരിക്കുകയും ചെയ്താൽ നാം ലോകത്തിൽ നിന്നും മുക്തരായിരിക്കും. വേറെ ഒരു പരിഹാരവുമില്ല. മറ്റ് ഏതെങ്കിലും രീതിയിൽ നിങ്ങളീ സംഘർഷത്തിന് പരിഹാരമന്വേഷിച്ചാൽ, അത് നിങ്ങളെ കൂടുതൽ ബന്ധനത്തിലാക്കും. ഇത് വാസ്തവത്തിൽ നിങ്ങളുടെ സൂക്ഷ്മമായ ഇഗോ ആണ്. നിങ്ങൾ എന്തിന് പരിഹാരം അന്വേഷിക്കുന്നു? നിങ്ങളാണു തെറ്റുകാരൻ എന്ന് ആരെങ്കിലും പറഞ്ഞാൽ, നിങ്ങളത്

സ്വീകരിച്ചുകൊണ്ട് എനിക്കത് അറിയാം ആയിരുന്നു എന്ന് സമ്മതിക്കണം.

ബുദ്ധിയാണ് ലൗകിക ലോകത്തിൽ സംഘർഷത്തിന് കാരണമുണ്ടാക്കുന്നത്. അത് രാവിലെ രണ്ടു മണിക്ക് ഉണർത്തി എല്ലാ തരത്തിലുമുള്ള നെഗറ്റീവ് കാര്യങ്ങളും കാണിച്ചുതരും. അത് ആത്മ നാശത്തിലേക്കുള്ള വഴി പോലും കാണിച്ചു തന്നു എന്നു വരും.

നിങ്ങൾ പരിപൂർണ്ണ മോക്ഷം കാംക്ഷിക്കുന്നുവെങ്കിൽ, നിങ്ങൾ എപ്പോഴും ബുദ്ധിയെ നിരാകരിക്കേണ്ടി വരും. തീർച്ചയായും നിത്യ ജീവിത വ്യവഹാരത്തിൽ ബുദ്ധിയുടെ പങ്ക് വ്യക്തമാണ്. എന്നാൽ ആത്മീയ പാതയിൽ ബുദ്ധി അപകടകാരിയാണ്. അത് നിങ്ങളെ മോക്ഷത്തിലെത്തിക്കാൻ പോകുന്ന ജ്ഞാനീ പുരുഷന്റെ തെറ്റുകൾ വരെ ചൂണ്ടിക്കാണിച്ചേക്കാം. നിങ്ങളെ മോചിപ്പിക്കാൻ പോകുന്ന ആളെ നിങ്ങൾക്കെങ്ങനെ സംശയിക്കാനാവും? നിങ്ങളങ്ങനെ ചെയ്താൽ നിങ്ങളുടെ മോക്ഷം അനന്ത ജന്മങ്ങളിലേക്ക് നീട്ടി വെക്കപ്പെട്ടേക്കാം.

സംഘർഷം ഉയർന്നു വരുന്നത് നിങ്ങളുടെ തന്നെ അജ്ഞത കൊണ്ടാണ്. നിങ്ങളാരോടെങ്കിലും ഏറ്റുമുട്ടിയാൽ. അത് നിങ്ങളുടെ അജ്ഞതയുടെ അടയാളമാണ്. ദൈവം തെറ്റും ശരിയും അന്വേഷിക്കുന്നില്ല. സാഹചര്യം സംഘട്ടനത്തിലെത്തിച്ചേർന്നോ എന്നു മാത്രമാണ് അദ്ദേഹം നിരീക്ഷിക്കുന്നത്. ദൈവത്തെ സംബന്ധിച്ചിടത്തോളം തെറ്റും ശരിയുമില്ല. ജനങ്ങളാണ് അവയിൽ മുഴുകിയിരിക്കുന്നത്. ദൈവത്തെ സംബന്ധിച്ചിടത്തോളം ദ്വന്ദങ്ങളില്ല (അതായത് നല്ലതും ചീത്തയും).

## (7) സംഘർഷമുണ്ടാക്കുന്നവരെല്ലാം ചുമരുകളാണ്!

നിങ്ങളൊരു ചുമരിൽ ചെന്നിടിച്ചാൽ ആരാണ് തെറ്റുകാരൻ, ചുമരോ നിങ്ങളോ? നിങ്ങൾ ചുമരിനോടു വഴി മാറി തരാൻ അപേക്ഷിച്ചാൽ അത് വഴി മാറിത്തരുമോ, നിങ്ങളോട് ന്യായം

ചെയ്യുമോ? മുൻ കൂട്ടിത്തീരുമാനിച്ച വഴിയേത്തന്നെ നിങ്ങൾ പോയാൽ ആരുടെ തലയാണ് പൊട്ടാൻ പോകുന്നത്?

**ചോദ്യകർത്താവ്:** എന്റെത്തന്നെ.

**ദാദാശ്രീ:** അതുകൊണ്ട് ആരാണ് ശ്രദ്ധിക്കേണ്ടത്? ആരുടെ തെറ്റാണ് അത്? മുറിവു പറ്റുന്ന ആളുടെ തെറ്റാണത്. ഈ ലോകം ശരിക്കും ഒരു ചുമരു പോലെത്തന്നെയാണ്. നിങ്ങളൊരു ചുമരിലോ വാതിലിലോ ചെന്നിടിച്ചാൽ വാതിലിനോടോ ചുമരിനോടോ നിങ്ങൾക്ക് അഭിപ്രായ വ്യത്യാസമുണ്ടാകുമോ?

**ചോദ്യകർത്താവ്:** വാതിൽ ജീവനുള്ളതല്ല.

**ദാദാശ്രീ:** അപ്പോൾ ജീവനുള്ളതുകൊണ്ട് മാത്രം ഒരു വസ്തു നിങ്ങളുമായി സംഘർഷമുണ്ടാക്കുന്നതിന് ഉത്തരവാദിയാവുന്നു എന്നു പറയാനാണോ നിങ്ങൾ ഉദ്ദേശിക്കുന്നത്. നിങ്ങളീ ലോകത്തിൽ സംഘർഷത്തിലേർപ്പെടുന്ന എല്ലാ വസ്തുക്കളും നിർജ്ജീവങ്ങൾ തന്നെയാണ്. നിങ്ങളോട് സംഘട്ടനം ഉണ്ടാക്കുന്നവ എല്ലാം ജീവൻ ഇല്ലാത്തവ ആണ്. ജീവൻ ഉള്ളത് ഒരിക്കലും സംഘർഷം ഉണ്ടാക്കുകയില്ല. അതുകൊണ്ട്, നിങ്ങളുടനെ ചുമരിന്റെ ഉദാഹരണം ഓർക്കണം. എന്നിട്ട് കൂടുതൽ ഇടപെടാതിരിക്കണം. അതുകൊണ്ട് അത്തരം അവസരങ്ങളിൽ ഒരു ബ്രേക്കെടുത്ത് അല്പം ചായയും പലഹാരവും തേടുക.

ഒരു കുട്ടി നിങ്ങളെ കല്ലെറിഞ്ഞു, മുറിവിൽ നിന്നും ചോര വരുന്നു. നിങ്ങളെങ്ങനെ ആ കുട്ടിയോട് പെരുമാറും? തന്റെ തെറ്റിൽ അവൻ പരിതപിച്ചാലും നിങ്ങളവനോട് ദ്വേഷ്യത്തിലാവും. താഴെ വീഴുന്ന ഒരു കല്ലിൽ നിന്നാണ് നിങ്ങൾക്ക് മുറിവേറ്റതെങ്കിലോ? ആ സാഹചര്യത്തിൽ നിങ്ങൾ ആരോടും ദേഷ്യപ്പെടില്ല. കാരണം അത് ആരും നിങ്ങളെ എറിഞ്ഞതല്ല. ഒരു കുന്നിൻ മുകളിൽ നിന്നും ഒരു കല്ല് നിങ്ങളുടെ തലയിൽ വീണാൽ ആരാണ് അതിന് ഉത്തരവാദി?

നിങ്ങളീ ലോകത്തെ മനസ്സിൽ ആക്കാൻ പഠിക്കണം. നിങ്ങളെന്റെ അടുത്തു വന്നാൽ ഞാൻ നിങ്ങളെ വ്യസനരഹിതനാക്കി തീർത്തു തരാം. നിങ്ങൾക്ക് സന്തോഷമായി ഭാര്യയോടൊത്ത് ജീവിതമാസ്വദിക്കാം. നിങ്ങളുടെ കുട്ടികളുടെ വിവാഹം പോലും നിങ്ങൾക്ക് രസമായി നടത്തിക്കൊടുക്കാം. നിങ്ങളുടെ ഭാര്യക്കും പരമാനന്ദമാവും. അവളെന്നോടു വന്നു പറയും, ''ഞാൻ സമ്മതിച്ചു തരുന്നു. നിങ്ങളെന്റെ ഭർത്താവിനെ നല്ല വിവേകിയാക്കി.''

നിങ്ങളുടെ ഭാര്യ അയൽക്കാരുമായി വഴക്കുണ്ടാക്കി, ദേഷ്യം കൊണ്ട് അവൾ നിങ്ങൾ വീട്ടിൽ കടന്ന ഉടനെ നിങ്ങളേയും വഴക്കു പറയുന്നു. നിങ്ങളെന്തു ചെയ്യും? നിങ്ങളും ദേഷ്യപ്പെടണോ? അത്തരം സന്ദർഭങ്ങളിൽ നിങ്ങൾ അനുയോജ്യമായ രീതിയിൽ മുന്നോട്ടു പോകണം. നിങ്ങൾക്കറിയില്ല, ആരാണ്, എന്താണ് അവളെ ഇത്ര മാത്രം കോപിപ്പിച്ചതെന്ന്. നിങ്ങളൊരു പുരുഷനാണ്. ഒരു വഴക്കു തുടരാൻ നിങ്ങൾ ഇടയാക്കരുത്. അവൾ നിങ്ങളോട് വാഗ്വാദത്തിനൊരുങ്ങിയാൽ സ്വയം ശാന്തത പാലിക്കൂ. അഭിപ്രായ വ്യത്യാസമെന്നാൽ സംഘർഷമെന്നാണ് അർത്ഥം.

## (8) അറിഞ്ഞിരിക്കേണ്ട ശാസ്ത്രം

**ചോദ്യകർത്താവ്:** ഞാൻ സംഘർഷം ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. പക്ഷെ ഒരാൾ വേണം എന്ന് വെച്ച് എന്നോട് വഴക്കിനു വന്നാൽ ഞാൻ എന്തു ചെയ്യണം?

**ദാദാശ്രീ:** നിങ്ങളീ ചുമരിനോടു പോരാടിയാൽ, നിങ്ങൾക്കെത്ര സമയം പിടിച്ചു നിൽക്കാനാവും? നിങ്ങളൊരു ചുമരിലിടിച്ച് തല പൊട്ടിയാൽ നിങ്ങളതിനെ ചീത്ത പറഞ്ഞുകൊണ്ട് ഇടിച്ചുകൊണ്ടു നിൽക്കുമോ? അതുപോലെ നിങ്ങളുടെ എതിരാളിയെ ഒരു ചുമരായി പരിഗണിക്കൂ. അവനിൽ കുറ്റം ആരോപിക്കേണ്ട ആവശ്യമുണ്ടോ? നാം സ്വയം മനസ്സിലാക്കണം മറ്റെ ആൾ വെറും ചുമരു പോലെ

ആണെന്ന്. അങ്ങനെ ചെയ്താൽ നിങ്ങൾക്ക് എല്ലാ പ്രശ്നങ്ങളും ഒഴിവാക്കാം.

**ചോദ്യകർത്താവ്:** നാം ശാന്തമായി നിന്നാൽ, അവർക്ക് നമ്മോടു കൂടുതൽ ദേഷ്യം വന്ന്, തെറ്റ് നമ്മുടെ ഭാഗത്താണെന്ന് കരുതില്ലേ?

**ദാദാശ്രീ:** നിങ്ങളുടെ നിശ്ശബ്ദതക്ക് ഇതുമായി എന്തെങ്കിലും ബന്ധമുണ്ടെന്ന് നിങ്ങൾ കരുതുന്നുണ്ടോ? നിങ്ങൾ അർദ്ധരാത്രി ഉണർന്ന് ബാത്ത്റൂമിൽ പോകും വഴി ഇരുട്ടിൽ, ചുമരിലിടിച്ചാൽ, അത് സംഭവിച്ചത് നിങ്ങൾ നിശ്ശബ്ദനായതുകൊണ്ടാണോ?

നിങ്ങളുടെ സംസാരമോ നിശ്ശബ്ദതയോ ഇതുമായി ഒരു ബന്ധവുമില്ലാത്തതാണ്. നിങ്ങളുടെ നിശ്ശബ്ദതയോ സംസാരമോ മറ്റൊരാളെ ബാധിക്കുന്ന വസ്തുതയല്ല. ഒരാൾക്കും ഒരു സാഹചര്യത്തേയും മാറ്റിയെടുക്കാനുള്ള ആധികാരികമായ കഴിവില്ല. അത് ശാസ്ത്രീയ സാഹചര്യത്തെളിവ് (Scientific circumstantial evidence—വ്യവസ്ഥിതി) മാത്രമാണ്. ആർക്കും അധികാരം ഇല്ലാത്ത ഇടത്ത്, ആർക്കാണ് ഈ ലോകത്ത് എന്തെങ്കിലും നശിപ്പിക്കാനാവുക? ചുമരിന് ശക്തി ഉണ്ടെങ്കിൽ, നിങ്ങൾക്കും ഉണ്ടാവും . അതിന് നിങ്ങളെ നേരിടാനാവുമോ? അത് എല്ലാവരുടെ കാര്യത്തിലും ശരിയാണ്. എന്തു കണക്കുമായാണോ നിങ്ങളുടെ ഭാര്യ വന്നിരിക്കുന്നത്, അതു തീർക്കാതെ അവൾ നിങ്ങളെ ഒരിക്കലും വിട്ടു പോവുകയില്ല. അവൾ നിങ്ങളുടെ കണക്കു തീർക്കാനുള്ള വെറും ഉപകരണം (നിമിത്തം) മാത്രമാണ്. നിങ്ങൾക്കിതിൽ നിന്നും രക്ഷപ്പെടാനാവില്ല. അവൾക്ക് അവളുടെ വാക്കുകളിൽത്തന്നെ നിയന്ത്രണമില്ലാതിരിക്കെ, ഒച്ച വെക്കുന്നതുകൊണ്ടും ആക്ഷേപം പറയുന്നതുകൊണ്ടും എന്തർത്ഥമാണുള്ളത്? അതുകൊണ്ട് സ്വയം ഒരു ചുമരു പോലെ ആയിത്തീരുക. നിങ്ങൾ വാക്കുകൾ കൊണ്ട് നിങ്ങളുടെ ഭാര്യയെ കുറ്റപ്പെടുത്താൻ തുടങ്ങിയാൽ, അവൾക്കകത്തുള്ള ദൈവം അത് കുറിച്ചു വെക്കും. അതേ സമയം, അവൾ

കുറ്റപ്പെടുത്തുമ്പോൾ നിങ്ങൾ ചുമരു പോലെ ഇരുന്നാൽ നിങ്ങൾക്കകത്തുള്ള ദൈവം നിങ്ങളെ സഹായിക്കും.

ചുമരു നിങ്ങളുമായി കൂട്ടിയിടിക്കുന്നു എന്ന വസ്തുത, നിങ്ങളുടെ തെറ്റു കൊണ്ടു മാത്രമാണ്. അത് ചുമരിന്റെ തെറ്റല്ല. ആളുകൾ ചോദിക്കും, "അപ്പോൾ എല്ലാവരും ചുമരാണോ?" എന്ന്. അതെ, അവരെല്ലാം ചുമരുകളാണ്. ഞാനെന്റെ തെളിവാർന്ന, പൂർണ്ണമായ ജ്ഞാന ദർശനത്തിൽ അതു കാണുന്നു. കാണുന്നതുപോലെത്തന്നെ ഞാൻ നിങ്ങളോടു പറയുകയും ചെയ്യുന്നു. ഇത് അസത്യമല്ല.

ഒരു ചുമരിൽ ചെന്നിടിക്കുന്നതും അഭിപ്രായ വ്യത്യാസം നിമിത്തം ഒരാളുമായി വാഗ്വാദത്തിലേർപ്പെടുന്നതും തമ്മിൽ വ്യത്യാസമൊന്നുമില്ല. അടിസ്ഥാന പരമായി രണ്ടും ഒന്നു തന്നെയാണ്. രണ്ടും അന്ധമാണ്. ചുമരിലിടിക്കുന്നത് കണ്ണു കാണാഞ്ഞിട്ടാണ്. സംഘർഷണത്തിൽ ഏർപ്പെടുന്നതും അങ്ങനെ തന്നെ. ഒരാൾക്ക് തന്റെ മുന്നിലെന്താണെന്ന് കാണാൻ കഴിയുന്നില്ല. അതു പോലെ മറ്റെ ആൾക്ക് തന്റെ മുന്നിലുള്ള പരിഹാരം എന്തെന്ന് അറിയുന്നില്ല. അതുകൊണ്ട് അയാൾ അഭിപ്രായ വ്യത്യാസത്തിൽ ആണ്. ഈ കോപം, അഹങ്കാരം, ആസക്തി, ആർത്തി എന്നിവയെല്ലാം എന്തു മുന്നിൽ കിടക്കുന്നു എന്ന് അറിയാത്തതു കൊണ്ടാണ് സംഭവിക്കുന്നത്. ഇങ്ങനെയാണ് നാം ഇതിനെക്കുറിച്ച് മനസ്സിലാക്കേണ്ടത്. ചുമരിന്റെ കുറ്റമല്ല അത്, ചെന്നിടിച്ച് വേദന അനുഭവിക്കുന്നവന്റെയാണ്. ഇതെല്ലാം ചുമരുകൾ മാത്രമാണ്. എല്ലാ സാഹചര്യങ്ങളും ചുമരുകൾ പോലെ തന്നെയാണ്. ഒരു ചുമരിലിടിച്ചാൽ, നിങ്ങൾ ആരുടെ കുറ്റമാണെന്ന് അന്വേഷിക്കാൻ പോകാറില്ല. ആരാണ് തെറ്റ്, ആരാണ് ശരി എന്ന് തെളിയിക്കേണ്ട ഒരാവശ്യവുമില്ല.

നിങ്ങളുമായി സംഘർഷത്തിനു വരുന്നവരെ ചുമരുകളായി നിങ്ങൾ കണക്കാക്കണം. വാതിൽ അന്വേഷിക്കുക. എങ്കിൽ ഇരുട്ടിലായാലും നിങ്ങൾക്ക് എങ്ങനെയെങ്കിലും പുറത്തു കടക്കാം.

ആരുമായും സംഘർഷത്തിലേർപ്പെടുകയില്ല എന്നത് നിങ്ങൾ ഒരു നിയമമാക്കണം. നിങ്ങൾക്ക് ആരുമായും സംഘർഷമുണ്ടാക്കേണ്ട ആവശ്യമില്ല.

## (9) ഇങ്ങനെയാണ് ജീവിതത്തിൽ ജീവിക്കേണ്ടത്

ആർക്കും അറിയില്ല എങ്ങനെയാണ് ജീവിക്കേണ്ടതെന്ന്. അവർക്ക് വിവാഹത്തിന്റെ ആദ്യ പാഠം എന്താണെന്നറിയില്ല. എന്നിട്ടും അതിലേക്ക് നയിക്കപ്പെടുന്നു. എങ്ങനെ മാതാപിതാക്കൾ ആകാം എന്ന് അവർക്കു അറിയില്ല. എന്നാലും മാതാപിതാക്കൾ ആകുന്നു. നിങ്ങളുടെ കുട്ടികൾ സന്തോഷവാന്മാരാകുന്ന തരത്തിൽ നിങ്ങൾ ജീവിക്കണം. എന്നും രാവിലെ നിങ്ങൾ തീരുമാനം എടുക്കണം ദിവസം മുഴുവനും ആരുമായും സംഘർഷത്തിൽ ഏർപ്പെടുകയില്ല എന്ന്. സംഘർഷത്തിൽ നിന്നും നിങ്ങൾക്ക് എന്തു നേട്ടമാണ് ഉണ്ടാവുക?

**ചോദ്യകർത്താവ്:** ഞങ്ങൾക്ക് വേദന മാത്രം ഉണ്ടാവും.

**ദാദാശ്രീ:** അതുമാത്രമല്ല. നിങ്ങളുടെ ദിവസം മുഴുവനും നശിച്ചു പോകും. അതിലും ഉപരിയായി, നിങ്ങളുടെ അടുത്ത ജന്മത്തിൽ നിങ്ങൾക്ക് മനുഷ്യജന്മം നഷ്ടമാവും. നിങ്ങളിൽ ഉത്തമ ഗുണങ്ങളും മാന്യതയുമുണ്ടെങ്കിലേ നിങ്ങൾക്ക് മനുഷ്യ രൂപത്തിൽ ജന്മം ലഭിക്കു. എന്നാൽ മൃഗ സ്വഭാവവും, പോരും മറ്റുള്ളവരുമായി കൊമ്പു കോർക്കലുമായാൽ നിങ്ങൾ വീണ്ടും മനുഷ്യ ജീവിതത്തിനു യോഗ്യരാകുമോ? ആരാണ് കൊമ്പ് ഉപയോഗിക്കുക? കാളയോ മനുഷ്യനോ?

**ചോദ്യകർത്താവ്:** മനുഷ്യർ അത് കൂടുതലായി ഉപയോഗിക്കുന്നു എന്നാണ് തോന്നുന്നത്.

**ദാദാശ്രീ:** അപ്പോൾ ഒരു മനുഷ്യൻ നാശം ഉണ്ടാക്കുന്നവർ

ആണെങ്കിൽ, അയാൾക്ക് മൃഗങ്ങളുടെ കുലത്തിൽ ജനിക്കേണ്ടി വരും. അയാൾക്ക് നാലു കാലുകൾ കൂടാതെ ഒരു വാലും ലഭിക്കും. അവിടെ ജീവിതം അത്ര സുഖകരം അല്ല . വേദനയും കഷ്ടപ്പാടും മാത്രമാണ് അതിൽ മുഴുവൻ. നിങ്ങളിത് നന്നായി മനസ്സിലാക്കണം.

## (10) സംഘർഷം നമ്മുടെ അജ്ഞതയുടെ അടയാളമാണ്

**ചോദ്യകർത്താവ്:** യോജിച്ചു പോകാനുള്ള കഴിവില്ലാത്തതു കൊണ്ടാണോ നാം ജീവിതത്തിൽ സംഘർഷത്തിലേർപ്പെടുന്നത്?

**ദാദാശ്രീ:** സംഘർഷം ലോകജീവിതമാണ്, ലോകജീവിതം സംഘർഷപൂർണ്ണവുമാണ്.

**ചോദ്യകർത്താവ്:** സംഘർഷത്തിന് കാരണമെന്താണ്?

**ദാദാശ്രീ:** അജ്ഞത. നിങ്ങൾ ആരോടെങ്കിലും സംഘർഷത്തിൽ ഏർപ്പെടുന്നുണ്ട് എങ്കിൽ അതു നിങ്ങളുടെ ദൗർബ്ബല്യത്തിന്റെ അടയാളമാണ്. ആളുകൾ കുറ്റക്കാരല്ല. അവർ ഒരിക്കലും അഭിപ്രായ വ്യത്യാസത്തിന് കാരണക്കാരല്ല. അഭിപ്രായ വ്യത്യാസങ്ങൾ നിങ്ങളുടെ മാത്രം തെറ്റാണ്. ആരെങ്കിലും നിങ്ങളോടു വേണമെന്നു വച്ച് വഴക്കിനു വന്നാൽ നിങ്ങൾ അവനോടോ അവളോടോ മാപ്പു ചോദിക്കണം. എവിടെ സംഘർഷമുണ്ടോ അവിടെ നിങ്ങളുടെ തെറ്റാണുള്ളത്.

**ചോദ്യകർത്താവ്:** ഞങ്ങൾ സംഘർഷം ഒഴിവാക്കാൻ ആഗ്രഹിക്കുന്നു. ഒരു തൂൺ ഞങ്ങളുടെ വഴിയിൽ തടസ്സമായി നിൽക്കുന്നു. ഞങ്ങൾ അതിനെ ചുറ്റി കടന്നുപോയി. എന്നിട്ടും അത് ഞങ്ങളുടെ മേൽ വീണു. അപ്പോൾ ഞങ്ങൾ എന്തുചെയ്യും?

**ദാദാശ്രീ:** അതു വീഴുമ്പോൾ നിങ്ങൾ നീങ്ങിപ്പോവും.

**ചോദ്യകർത്താവ്:** എത്ര തന്നെ ഒഴിവാക്കാൻ ശ്രമിച്ചാലും അത്

പിന്നേയും വേദനിപ്പിക്കുന്നു. ഉദാഹരണത്തിന് എന്റെ ഭാര്യ.

**ദാദാശ്രീ:** സംഘർഷസമയത്ത് നിങ്ങളൊരു പരിഹാരം കണ്ടു പിടിക്കണം.

**ചോദ്യകർത്താവ്:** ആരെങ്കിലും നമ്മെ പരിഹസിക്കുമ്പോൾ, നാം പരിഹാസ്യരായിത്തീരുന്നത് നമ്മുടെ ഇഗോ മൂലമാണോ?

**ദാദാശ്രീ:** വാസ്തവത്തിൽ ആരെങ്കിലും നിങ്ങളെ പരിഹസിക്കുമ്പോൾ അയാൾ നിങ്ങളുടെ അഹത്തെ അലിയിച്ചു കളയുകയാണ്. അപ്പോൾ പോലും പരിഹാസം നിങ്ങളുടെ അമിതമായ അഹത്തെ മാത്രമാണ് ബാധിക്കുന്നത്. അതിലെന്താണ് തെറ്റുള്ളത്? അല്ലെങ്കിൽ ഈ കർമ്മങ്ങൾ നിങ്ങളെ ഒരിക്കലും സ്വതന്ത്രമാക്കുകയില്ല.

## (11) സമുദ്രത്തെപ്പോലെ എല്ലാം നിങ്ങൾക്കകത്ത് ഉൾക്കൊള്ളുക

**ചോദ്യകർത്താവ്:** ദാദാ, ലോകത്തിൽ വയസ്സായവർ ചെറുപ്പക്കാരോട് വഴക്കു കൂടുന്നു. ചെറുപ്പക്കാർ അവരെക്കാളും പ്രായം കുറഞ്ഞവരോട് വഴക്കു കൂടുന്നു. എന്താണ് അതങ്ങനെ?

**ദാദാശ്രീ:** അതാണതിന്റെ രീതി. വയസ്സായവർ ചെറുപ്പക്കാരെ നിയന്ത്രിക്കാൻ അവരോട് വഴക്കു കൂടുന്നു. അയാൾ സ്വയം കുറ്റം ഏറ്റെടുത്ത് തെറ്റ് തന്റേതാണെന്ന് സമ്മതിച്ചാലേ പ്രശ്നം എളുപ്പത്തിൽ പരിഹരിക്കാനാവൂ. ഞാനെന്താണ് ചെയ്യുന്നതെന്നു വെച്ചാൽ, മറ്റെ ആൾക്ക് സഹിക്കാനുള്ള കഴിവ് കുറവാണെങ്കിൽ ഞാൻ അത് സ്വയം ഏറ്റെടുക്കുന്നു. ഞാൻ മറ്റുള്ളവരെ കുറ്റം പറയില്ല. ഞാനെന്തിന് കുറ്റം പറയണം, എനിക്കകത്ത് അതെല്ലാം ഒരു സമുദ്രത്തെപ്പോലെ ഉൾക്കൊള്ളാൻ കഴിയും എന്നിരിക്കെ? ബോംബെയിലെ അഴുക്കു വെള്ളം മുഴുവൻ എങ്ങനെ സമുദ്രം ഉൾക്കൊള്ളുന്നു എന്നു നോക്കു.

അതുപോലെ നമുക്കെല്ലാം ഉള്ളിലെടുക്കാൻ കഴിയണം. അങ്ങനെ നാം നമുക്ക് ചുറ്റുമുള്ളവർക്കെല്ലാം കുലീനനും നന്മയുള്ളവനും ആയിത്തീരും. കുട്ടികളും നമ്മുടെ സ്നേഹം അനുഭവിക്കും. അവർ നമ്മുടെ തുറന്ന മനോഭാവം ശ്രദ്ധിക്കും. നിങ്ങൾക്കു വന്നു ചേരുന്നത് ഒക്കെ ഡെപ്പോസിറ്റ് ചെയ്യുക. ഒരാൾ നിങ്ങളെ പരിഹസിക്കുമ്പോൾ, അയാൾ അയാളുടെ ശക്തി മുഴുവൻ നിങ്ങൾക്കു വിട്ടു തരുന്നു. അതാണ് ലോകനിയമം. അതുകൊണ്ട് സന്തോഷത്തോടെ അത് സ്വീകരിക്കുക.

## (12) വ്യവസ്ഥിതിയുടെ ദുരുപയോഗം

**ചോദ്യകർത്താവ്:** നാം എല്ലാ തരത്തിലും സംഘർഷം ഒഴിവാക്കാൻ ആഗ്രഹിച്ചാലും, പ്രശ്നം സമ ഭാവത്തോടെ പരിഗ്രഹിക്കാൻ ആഗ്രഹിച്ചാലും മറ്റെ ആൾ നമ്മെ പ്രകോപിപ്പിക്കുകയും പരിഹസിക്കുകയും ചെയ്താലോ? നമ്മൾ എന്ത് ചെയ്യും?

**ദാദാശ്രീ:** ഒന്നും ചെയ്യില്ല. അത് നമ്മുടെ മാത്രം എക്കൗണ്ടാണ്. അതുകൊണ്ട് നാം അത് സമ ഭാവത്തിൽ പരിഹരിക്കണം. നാം നമ്മുടെ നിയമങ്ങൾക്ക് അകത്തു നിന്ന് നമ്മുടെ പ്രശ്നങ്ങൾ സ്വയം പരിഹരിക്കണം.

**ചോദ്യകർത്താവ്:** ഈ സംഘർഷം ഉണ്ടാകുന്നത് വ്യവസ്ഥിതി (Scientific circumstantial evidence) മൂലമാണോ?

**ദാദാശ്രീ:** അതെ. സംഘർഷങ്ങൾ വ്യവസ്ഥിതി മൂലമാണ്. പക്ഷെ എപ്പോഴാണ് ഒരാൾക്ക് അങ്ങനെ പറയാനാവുക? സംഘർഷം ഉണ്ടായതിനു ശേഷം മാത്രം. "ഞാൻ ആരുമായും സംഘർഷം ഉണ്ടാക്കാൻ ആഗ്രഹിക്കുന്നില്ല " എന്നതായിരിക്കണം നിങ്ങളുടെ ഉറച്ച തീരുമാനം. നാം നമ്മുടെ മുന്നിൽ ഒരു തൂൺ കണ്ടാൽ നാം മനസ്സിലാക്കണം നാം അതിനെ ചുറ്റി പോകണമെന്നും

അതുമായി കൂട്ടി മുട്ടരുതെന്നും. എന്നിട്ടും നാമതിലിടിച്ചാൽ മാത്രമെ നമുക്കതിനെ വ്യവസ്ഥിതി എന്ന് പറയാനാവൂ. നാം വ്യവസ്ഥിതിയെ ഒരു ഒഴിവുകഴിവായി തുടക്കത്തിലേ കണ്ടാൽ നാം വ്യവസ്ഥിതി എന്ന അറിവിനെ അടിസ്ഥാന പരമായി ദുരുപയോഗം ചെയ്യുകയാണ്.

## (13) സംഘർഷങ്ങൾ ആത്മീയശക്തി കുറയ്ക്കുന്നു

ആത്മീയ ശക്തി പരിപൂർണ്ണമായും ചോർത്തിക്കളയുന്ന എന്തെങ്കിലുമുണ്ടെങ്കിൽ, അത് സംഘർഷമാണ്. നിങ്ങളൊരു പോരാട്ടത്തിൽ ഭാഗഭാക്കായാൽ, നിങ്ങൾ തീർന്നു! ആരെങ്കിലും നിങ്ങളെ പ്രകോപിപ്പിച്ചാൽ, നിങ്ങൾ സ്വയം നിയന്ത്രിക്കണം. ഒരു സംഘർഷവും ഉണ്ടാവാൻ പാടില്ല. എന്തു വിലകൊടുത്തും സംഘർഷം തടയുക, നിങ്ങളുടെ ജീവൻ തന്നെ കൊടുക്കേണ്ടി വന്നാലും! സംഘർഷങ്ങളിൽ നിന്നും ഒഴിവാകാൻ നിങ്ങൾ പഠിച്ചു കഴിഞ്ഞാൽ, നിങ്ങൾക്കൊരു ഗുരു തന്നെ ആവശ്യമില്ല. സഹായിയായി ഒരു ഇട നിലക്കാരൻ വേണ്ടി വരില്ല. ഒന്നോ രണ്ടോ ജന്മം കൊണ്ട് നിങ്ങൾ മോക്ഷം നേടും. ഒരാൾ, ആരുമായും ഒരു ഉരസലിനും ഇടയുണ്ടാക്കുകയില്ല എന്ന് തീരുമാനിക്കുകയും ആ തീരുമാനം ശക്തമായി നില നിർത്തുകയും ചെയ്താൽ, അവിടന്ന് ശരിയായ വിശ്വാസം (സംകിത്) ആരംഭിക്കുന്നു. അവർക്കത് കിട്ടുമെന്ന് ഞാൻ ഉറപ്പു നല്കുന്നു. സംഘർഷം കൊണ്ട് ശരീരത്തിന് ഉണ്ടാകുന്ന മുറിവുകൾ മരുന്ന് ഉപയോഗിച്ച് സുഖപ്പെടുത്താം. എന്നാൽ മനസ്സിനും ബുദ്ധിക്കും ഉണ്ടാകുന്ന മുറിവുകൾ ആർക്കാണ് നീക്കാൻ കഴിയുക? ആയിരം ജന്മങ്ങൾ കഴിഞ്ഞാലും അവ അലിഞ്ഞു പോവില്ല.

**ചോദ്യകർത്താവ്:** സംഘർഷംകൊണ്ട് മനസ്സിനും ബുദ്ധിക്കും ദോഷമുണ്ടാകുമോ?

**ദാദാശ്രീ:** മനസ്സിനും ബുദ്ധിക്കും മാത്രമല്ല, മുഴുവൻ ആന്തരിക യന്ത്ര ഘടനയും ബാധിക്കപ്പെടും. അതിന്റെ ഫലം ശരീരത്തിലും

കാണാം. സംഘർഷം കൊണ്ട് ധാരാളം ബുദ്ധിമുട്ടുകൾ ഉണ്ടാവും.

**ചോദ്യകർത്താവ്:** അങ്ങ് പറയുന്നത് ഉരസൽ കൊണ്ടും സംഘർഷം കൊണ്ടും നിങ്ങളുടെ എല്ലാ ശക്തിയും ക്ഷയിക്കും എന്നാണ്. ബോധത്തോടെ ഇരുന്നാൽ ആ ശക്തികൾ തിരിച്ച വരുമോ?

**ദാദാശ്രീ:** നിങ്ങൾ നിങ്ങളുടെ ശക്തികൾ തിരിച്ച് വലിച്ചുകൊണ്ടു വരേണ്ടതില്ല. അവ ഇപ്പോഴുമവിടെയുണ്ട്. അവ ഇപ്പോൾ ഉയർന്നു കൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ജന്മത്തിൽ സംഘർഷത്തിലൂടെ നിങ്ങൾക്കു നഷ്ടപ്പെട്ട ശക്തികളെല്ലാം ഇപ്പോൾ നിങ്ങൾക്ക് തിരിച്ച കിട്ടിക്കൊണ്ടിരിക്കുകയാണ്. പുതിയ സംഘർഷങ്ങൾ ഉണ്ടാക്കാതെ നോക്കു. ഇല്ലെങ്കിൽ ഇപ്പോൾ നിങ്ങൾക്കു കിട്ടിയിരിക്കുന്ന ശക്തികളും വീണ്ടും നഷ്ടപ്പെടും. സംഘർഷം ഇല്ലാതിരിക്കുമ്പോൾ അത് ഗണ്യമായ അളവിൽ വർദ്ധിച്ച കൊണ്ടിരിക്കുകയാണ്.

പ്രതികാരം മൂലമാണ് ലോകത്തിൽ സംഘർഷമുണ്ടാകുന്നത്. ഈ ലോകത്തിന്റെ മൂല കാരണം തന്നെ പ്രതികാരമാണ്. പ്രതികാരവും സംഘർഷവും അവസാനിപ്പിച്ച ആൾ മോചിതനായി. സ്നേഹത്തിന്തടസ്സങ്ങൾ ഒന്നുമില്ല.ശത്രുതയുംവൈരവും പോകുമ്പോൾ, സ്നേഹം നിലനില്ക്കുന്നു.

## (14) പ്രായോഗിക ബുദ്ധി--"എവിടേയും ഉപയോഗയോഗ്യം"

ലൗകിക വ്യവഹാരം പരിശുദ്ധമാക്കാൻ എന്താണാവശ്യം? നല്ല പ്രായോഗിക ബുദ്ധി വേണം. സ്ഥിര ബുദ്ധി, ശാന്ത സ്വഭാവം, മറ്റുള്ളവരോട് പരിഗണന, അതിനെല്ലാമുപരി പ്രായോഗിക ബുദ്ധിയും ഒരാൾക്ക് വേണം. പ്രായോഗിക ബുദ്ധിയുടെ നിർവ്വചനം "എല്ലാ ഇടത്തും ഉപയോഗിക്കാവുന്നത്" എന്നാണ്. ആത്മ ജ്ഞാനത്തോടൊപ്പം ഒരാൾക്ക് പ്രായോഗിക ബുദ്ധി കൂടി ഉണ്ടെങ്കിൽ, അയാൾ തേജസ്വിയായിരിക്കും.

**ചോദ്യകർത്താവ്:** എങ്ങനെയാണ് പ്രായോഗിക ബുദ്ധി ഉണ്ടാകുന്നത്?

**ദാദാശ്രീ:** ആരെങ്കിലും നിങ്ങളോട് സംഘർഷമുണ്ടാക്കാൻ ശ്രമിക്കുന്നു. എന്നാൽ നിങ്ങൾ സ്വയം ആരോടും സംഘർഷം ഉണ്ടാക്കാതെ ഇരിക്കുന്നു. അപ്പോൾ പ്രായോഗിക ബുദ്ധി ഉണ്ടാവും. നിങ്ങളാരോടെങ്കിലും സംഘർഷം ഉണ്ടാക്കിയാൽ നിങ്ങളുടെ പ്രായോഗിക ബുദ്ധി നഷ്ടപ്പെടും. നിങ്ങളുടെ ഭാഗത്തു നിന്നും ഘർഷണം ഉണ്ടാകാൻ പാടില്ല.

മറ്റൊരാൾ നിങ്ങളോട് ഉരസുമ്പോൾ നിങ്ങൾക്ക് പ്രായോഗിക ബുദ്ധി ഉണ്ടാകുന്നു. ഘർഷണം ഉണ്ടാകുമ്പോൾ എങ്ങനെ നിങ്ങളെ നയിക്കണമെന്ന് കാണിച്ചു തരുന്നതാണ് ആത്മ ശക്തി. ഒരിക്കലത് പ്രകടമായാൽ. ആ അറിവ് നിങ്ങളെ ഒരിക്കലും വിട്ടു പോവുകയില്ല. അതിലുമുപരി, നിങ്ങൾക്ക് കൂടുതൽ പ്രായോഗിക ബുദ്ധി ഉണ്ടാവുകയും ചെയ്യുന്നു. ഞാനൊരു ഉരസലുമുണ്ടാക്കാത്തതുകൊണ്ട്, എനിക്ക് അപാരമായ പ്രായോഗിക ബുദ്ധിയുണ്ട്. നിങ്ങൾ പറയുന്നതിനു പിറകിലെ അർത്ഥം എനിക്ക് പെട്ടന്ന് മനസ്സിലാക്കാനാവും. മറ്റുള്ളവർ വിചാരിച്ചേക്കാം പറഞ്ഞത് ദാദാക്ക് ദോഷം ആയേക്കാം എന്ന്. പക്ഷെ ഞാൻ ഉടനെ തിരിച്ചറിയുന്നു ഈ ദോഷം യഥാർത്ഥത്തിൽ ദോഷമല്ലെന്ന്. ലൗകിക വീക്ഷണത്തിൽ അത് ദോഷമല്ല, മതപരമായ വീക്ഷണത്തിലും അത് ദോഷമല്ല. ആത്മീയ വീക്ഷണത്തിൽ അത് തീർച്ചയായും ദോഷകരമല്ല. ജനങ്ങൾ വിചാരിക്കും അത് ആത്മാവിന് ദോഷമാണെന്ന്. എന്നാൽ ഞാനതിന്റെ ഗുണങ്ങൾ തിരിച്ചറിയുന്നു. അത് പ്രായോഗിക ബുദ്ധിയുടെ ഫലമാണ്. ഞാനിങ്ങനെ നിങ്ങൾക്ക് പ്രായോഗിക ബുദ്ധിയുടെ നിർവ്വചനം തരുന്നു: "എങ്ങും ഉപയോഗ യോഗ്യമായത്" എന്ന്. ഇന്നത്തെ തലമുറയിൽ അത് നില നിൽക്കുന്നില്ല. തലമുറ തലമുറയായി പ്രായോഗിക ബുദ്ധി കുറഞ്ഞു വന്നിട്ടുണ്ട്.

ഈ വിജ്ഞാനം (ശാസ്ത്രം) നേടിക്കഴിഞ്ഞാൽ ഒരാൾക്ക് സംഘർഷം കൂടാതെ ഈ വഴിയിലൂടെ നീങ്ങാം. ഈ ശാസ്ത്രം ഇല്ലാതെയും അങ്ങനെ നില നിൽക്കാൻ കഴിയുന്ന അല്പം ഭാഗ്യശാലികളേ ഉള്ളൂ. അതും ചില സാഹചര്യങ്ങളിൽ മാത്രം, എല്ലാ സാഹചര്യത്തിലുമല്ല.

സംഘർഷത്തെ ഇവിടെ പറഞ്ഞ അറിവിലൂടെ കൈകാര്യം ചെയ്താൽ അത് നിങ്ങളെ ആത്മീയ പുരോഗതിയിലേക്ക് നയിക്കും. സംഘർഷമില്ലാതെ നിങ്ങൾ നിൽക്കുന്ന സ്ഥലത്ത് നിൽക്കും.

## (15) സംഘർഷത്തിലൂടെ പുരോഗതിയുടെ പാതയിൽ

**ചോദ്യകർത്താവ് :** ഘർഷണത്തെ ആത്മീയ പുരോഗതിക്ക് ഗുണമെന്നു കരുതിയാൽ നമുക്ക് പുരോഗതിയുണ്ടാവും.

**ദാദാശ്രീ:** അതെ. പക്ഷെ ആളുകൾ, മനസ്സിൽ ഈ തിരിച്ചറിവിലൂടെ അതിനെ കാണുകയില്ല. ദൈവം നിങ്ങളെ ഉയർത്തുകയില്ല. പക്ഷെ സംഘർഷങ്ങൾ ഉയർത്തും. ഒരു തലം വരെ സംഘർഷം നിങ്ങളെ മുകളിലേക്ക് കൊണ്ടുപോകും. അതിനപ്പുറത്തേക്ക് ജ്ഞാനിക്ക് (ആത്മജ്ഞാനം നേടിയ ആൾ) മാത്രമെ നിങ്ങളെ സഹായിക്കാനാവൂ. സംഘർഷം സ്വാഭാവികമായി ഉണ്ടാകുന്നു. നദിക്കടിയിലെ പാറകൾ വെള്ളത്തിന്റെ ഒഴുക്കിൽ ഉരുണ്ട് മിനുസമാകുന്നതുപോലെ, ഘർഷണം നിങ്ങളുടെ പരുക്കൻ വശങ്ങൾ മിനുസമുള്ളതാക്കുന്നു.

**ചോദ്യകർത്താവ്:** സംഘർഷം ആത്മീയശക്തി നശിപ്പിക്കുമോ?

**ദാദാശ്രീ:** നശിപ്പിക്കും.

## (16) പ്രകൃതി (ഒരാളുടെ സ്വഭാവം) ഘർഷണമുണ്ടാക്കുന്നു

**ചോദ്യകർത്താവ്:** ആരാണ് ഘർഷണം ഉണ്ടാക്കുന്നത്, ചേതനമോ അചേതനമോ?

**ദാദാശ്രീ:** നിങ്ങളുടെ കഴിഞ്ഞ ജന്മത്തിലെ ഘർഷണങ്ങൾ വീണ്ടും ഘർഷണമുണ്ടാക്കുന്നു. ഇതിൽ ചേതനാചേതനങ്ങളുടെ ചോദ്യം ഉയരുന്നില്ല. ആത്മാവിന് ഇതിൽ ഒരു പങ്കുമില്ല. പുഡ്ഗൽ (ചിന്തകളുടേയും വാക്കുകളുടേയും പ്രവർത്തികളുടെയും മിശ്രിതം) എല്ലാ ഘർഷണത്തിനും കാരണമാകുന്നു. എന്നാൽ കഴിഞ്ഞ ജന്മത്തിലെ ഘർഷണം ആണ് വീണ്ടും ഘർഷണത്തിന് കാരണമാകുന്നത്. കഴിഞ്ഞ ജന്മത്തിൽ നിന്നും ഘർഷണം ഇല്ലാത്തവർക്ക് വീണ്ടും അത് അനുഭവിക്കേണ്ടി വരുന്നില്ല. പഴയ ഘർഷണം ഇപ്പോൾ ഘർഷണമുണ്ടാക്കുന്നു. അതിൽ നിന്നും വീണ്ടും ഘർഷണമുണ്ടാകുന്നു. അതങ്ങനെ ശേഖരിക്കപ്പെടുന്നു.

പുഡ്ഗൽ മുഴുവനായും അചേതനമല്ല. അത് ശുദ്ധാത്മ ബോധത്തിന്റേയും (ചേതന) അനാത്മാവിന്റേയും (ജഡം) ഒരു മിശ്രിതം ആണ്. ഇതിൽ നിന്നും, വ്യത്യസ്തമായ പേരോടും രൂപത്തോടും കൂടി മൂന്നാമതൊരു സൃഷ്ടിയുണ്ടാകുന്നു. ഇതാണ് ഘർഷണത്തിന് കാരണമാകുന്നത്. അതാണ് സംഘർഷത്തിൽ ഏർപ്പെടുന്നത്. ശുദ്ധമായ പുഡ്ഗൽ ഒരു സംഘർഷത്തിനും കാരണമല്ല.

**ചോദ്യകർത്താവ്:** ഘർഷണമില്ലാത്തിടത്ത് അഹിംസയുടെ ശരിയായ ഭാവം ഉണ്ടായിട്ടുണ്ട് എന്നാണോ കരുതേണ്ടത്?

**ദാദാശ്രീ:** അല്ല. അങ്ങനെയൊന്നുമല്ല. ഇപ്പോൾ ഒരു ചുമരുമായി കൂട്ടി മുട്ടിയാലുണ്ടാവുന്ന അപകടം നിങ്ങൾ തിരിച്ചറിഞ്ഞു. എല്ലാ ജീവികൾക്കകത്തും വസിക്കുന്ന ഭഗവാന്റെ സാന്നിദ്ധ്യബോധം വന്നാൽ നിങ്ങൾക്ക് കൂടുതൽ വലിയ അപകടം മനസ്സിലാകും. ഈ തിരിച്ചറിവിൽ അടിസ്ഥാന പരമായ മാറ്റങ്ങൾ സംഭവിക്കും.

അഹിംസ (Non-violence) പൂർണ്ണമായും മനസ്സിൽ ആക്കാൻ ആവില്ല. കാരണം അത് അതിന്റെ പൂർണ്ണതയിൽ വളരെ ആഴത്തിലുള്ള കാര്യമാണ്. അതിനു പകരം നിങ്ങൾ ഇത്രയും ഗ്രഹിക്കുക, "സംഘർഷത്തിൽ ഒരിക്കലും ചെന്നു ചാടരുത്". അപ്പോൾനി ങ്ങളുടെ ശക്തി സംരക്ഷിക്കപ്പെടും. അത് ദിനം പ്രതി വർദ്ധിച്ചു വരും. അങ്ങനെ ഘർഷണത്തിലൂടെ നിങ്ങൾക്ക് നഷ്ടം ഉണ്ടാകുകയില്ല. വല്ലപ്പോഴും ഘർഷണത്തിൽ പെടുകയാണെങ്കിൽ, അതിന്റെ അനന്തര ഫലങ്ങൾ നിങ്ങൾക്ക് പ്രതിക്രമണം (ആത്മാർത്ഥമായി ചെയ്യുന്ന മാപ്പപേക്ഷ) ചെയ്യുക വഴി മാച്ചു കളയാനാവും. ഇല്ലെങ്കിൽ അതിന് ഗൗരവമേറിയ അനന്തര ഫലങ്ങൾ ഉണ്ടാവും. ഈ ജ്ഞാനം കൊണ്ട് നിങ്ങൾക്ക് മോക്ഷമുണ്ടാവും. എന്നാൽ ഇതിനോടൊപ്പമുള്ള ഘർഷണം മൂലം നിങ്ങൾക്ക് വലിയ തടസ്സങ്ങൾ നേരിടേണ്ടി വരും. അത് നിങ്ങളുടെ പൂർണ്ണ ജ്ഞാനം വൈകിപ്പിക്കും.

ഒരു ചുമരിനെക്കുറിച്ച് നെഗറ്റീവായി ചിന്തിക്കുന്നതു കൊണ്ട് വലിയ ദോഷം നിങ്ങൾക്ക് ഉണ്ടാവില്ല. കാരണം നഷ്ടം ഒരു ഭാഗത്ത് മാത്രമാണ്. അതേ സമയം ഒരു ജീവനോടുള്ള ഒരൊറ്റ നെഗറ്റീവ് ചിന്ത പോലും വലിയ ദോഷമുണ്ടാക്കുന്നതാണ്. ഇരു ഭാഗത്തും ദോഷമുണ്ടാക്കുന്നു എന്നതാണ് കാരണം. എന്നാൽ പിന്നീട് നാം പ്രതിക്രമണം ചെയ്യുകയാണെങ്കിൽ നമ്മുടെ തെറ്റുകൾ മാഞ്ഞു പോകും. അതുകൊണ്ട് ഘർഷണമുണ്ടാകുന്നിടത്ത് പ്രതിക്രമണം ചെയ്യുക. അപ്പോൾ അത് അവസാനിക്കും.

## (17) ശരിയായ അറിവ് പരിഹാരമുണ്ടാക്കുന്നു

**ചോദ്യകർത്താവ്:** ദാദാ, ഇഗോയിൽ നിന്നും ഉയരുന്ന സംഘർഷങ്ങളെക്കുറിച്ച് അങ്ങ് പറഞ്ഞ കാര്യങ്ങൾ, വീട്ടിലും ജോലി സ്ഥലത്തും ദാദായുടെ ജോലികളിൽ പോലും പ്രായോഗികമാണ്. ഇതൊക്കെയാണ് പരിഹരിക്കേണ്ടത്.

**ദാദാശ്രീ:** അതെ. ഒരു പരിഹാരം ആവശ്യമാണ്. ഈ ജ്ഞാനമുള്ളവർ സൗഹാർദ്ദ പൂർണ്ണമായ ഒരു പരിഹാരത്തിൽ എത്തിച്ചേരുന്നു. എന്നാൽ ഈ ജ്ഞാനമില്ലാത്തവരുടെ കാര്യം എന്താണ്? എന്ത് പരിഹാരമാണ് അവർക്കുള്ളത്? അവർ പരസ്പരം അകന്നു പോകുന്നു. ജ്ഞാനമുള്ളവർ തമ്മിൽ തമ്മിൽ അകന്നു പോവുകയില്ല.

**ചോദ്യകർത്താവ്:** പക്ഷെ ദാദാ, ഒരാൾ സംഘർഷമുണ്ടാക്കാൻ പാടില്ല.

**ദാദാശ്രീ:** സംഘർഷമുണ്ടാകുന്നത് സ്വാഭാവികമാണ്. ആളുകൾ അത്തരം കണക്കുകളുമായി വരുന്നതു കൊണ്ടാണ് സംഘർഷങ്ങൾ സംഭവിക്കുന്നത്. അവർ അങ്ങനെയുള്ള എക്കൗണ്ടുകളുമായല്ല വരുന്നതെങ്കിൽ സംഘർഷം ഉണ്ടാവുക ഇല്ല. മറ്റെ ആളുടെ സ്വഭാവമതാണെന്ന് നിങ്ങൾ മനസ്സിലാക്കുകയേ വേണ്ടതുള്ളു. അതു മനസ്സിലാക്കി നിങ്ങൾ ഇളകാതിരിക്കണം. നമ്മുടെ യഥാർത്ഥ പ്രകൃതി എല്ലാ സ്വഭാവങ്ങളേയും അതിക്രമിക്കുന്നതാണ്. ഈ അറിവു കൊണ്ട് എല്ലാ സാഹചര്യങ്ങളിലും പരിഹാരമുണ്ടാവും.എങ്കിലും ഏതെങ്കിലും സാഹചര്യത്തോട് നിങ്ങൾ ഒട്ടിപ്പോയാൽ സംഘർഷം തുടരും. അത് എല്ലാ സമയത്തും അങ്ങനെത്തന്നെ ആയിരുന്നു. നിങ്ങൾ ശ്രദ്ധിക്കേണ്ട കാര്യം ഘർഷണം നിങ്ങളെ വേർ പെടുത്തരുത് എന്നതാണ്. ഒരു ഭർത്താവും ഭാര്യയുമായിപ്പോലും ഘർഷണം തീർച്ചയായും ഉണ്ടാവും. എന്നാൽ അവർക്ക് എന്നിട്ടും ഒന്നിച്ചുപോകാൻ കഴിയുന്നില്ലേ?

**ചോദ്യകർത്താവ്:** എന്നാൽ ദാദാ, നമുക്ക് സംഘർഷം ഒഴിവാക്കണം എന്ന സ്ഥിരമായ ഭാവം ഉണ്ടാവേണ്ടേ?

**ദാദാശ്രീ:** അതെ. അത് എപ്പോഴുമുണ്ടാവണം. അതാണ് നിങ്ങൾ ചെയ്യേണ്ടത്. നിങ്ങൾ പ്രതിക്രമണം ചെയ്യണം, അയാളോട് സൗഹാർദ്ദഭാവം നില നിർത്തുകയും വേണം. വീണ്ടും സംഘർഷം

ഉണ്ടാവുകയാണെങ്കിൽ വീണ്ടും പ്രതിക്രമണം ചെയ്യുക. ഈ സംഘർഷങ്ങൾ ആവർത്തിച്ചുണ്ടാകുന്നത് കർമ്മങ്ങളുടെ പാളികൾ മൂലമാണ്. ഓരോ പ്രതിക്രമണത്തിലും ഒരു പാളി കൊഴിഞ്ഞു പോകുന്നു. എന്റെ കാര്യത്തിൽ, സംഘർഷമുണ്ടായാൽ, എനിക്കു വലിയൊരു നേട്ടമുണ്ടായി എന്ന് ഞാൻ മനസ്സിൽ കുറിക്കും. കാരണം അതെന്റെ ബോധം വളർത്താൻ സഹായിക്കുന്നു. സംഘർഷം നിങ്ങളെ വീണു പോകുന്നതിൽ നിന്നും രക്ഷിച്ച് ആത്മാവിന്റെ ജാഗ്രതയിൽ നില നിർത്തുന്നു. അതുകൊണ്ട് സംഘർഷം ആത്മാവിന് ഒരു വിറ്റാമിൻ ആണ്. അതായത് സംഘർഷം ഒരു പ്രശ്നമല്ല എന്നർത്ഥം. പ്രധാനപ്പെട്ട കാര്യം, സംഘർഷത്തിൽ ഉൾപ്പെടുന്ന മറ്റെ വ്യക്തിയിൽ നിന്നും വേറിട്ടുപോകാൻ ഇട വരാതിരിക്കാൻ ശ്രദ്ധ വേണം എന്നതാണ്. ഇതാണ് ആത്മീയ പരിശ്രമത്തിന്റെ സത്ത്. നിങ്ങൾ മറ്റെ ആളെ കുറ്റക്കാരനായി കാണാൻ തുടങ്ങിയാൽ, അതല്ലെങ്കിൽ അയാളുമായി ഗൗരവമേറിയ അഭിപ്രായ വ്യത്യാസം ഉണ്ടെങ്കിൽ, നിങ്ങൾ പ്രതിക്രമണം ചെയ്യണം. അങ്ങനെ അത് അവസാനിപ്പിക്കണം.

ഞാനെങ്ങനെയാണ് എല്ലാവരുമായും യോജിച്ചുപോകുന്നത്? ഞാൻ നിങ്ങളോട് യോജിച്ചു പോകുന്നുണ്ട്, ഇല്ലേ? പറയുന്ന വാക്കുകളിൽ നിന്നാണ് സംഘർഷം ഉണ്ടാകുന്നത് എന്നത് വസ്തുതയാണ്. ഞാൻ ധാരാളം സംസാരിക്കുന്നുണ്ട്. പക്ഷെ സംഘർഷങ്ങളിൽ ചെന്നു ചാടുന്നുണ്ടോ?

ഘർഷണമുണ്ടാവും. അടുക്കള പാത്രങ്ങൾ കൂട്ടി മുട്ടുമ്പോൾ ശബ്ദമുണ്ടാവും. പുഡ്ഗലിന്റെ നൈസർഗ്ഗിക സ്വഭാവം ആണ് ഘർഷണം ഉണ്ടാക്കുക എന്നത്. എന്നാൽ അത് അത്തരം ഒരു കണക്കുമായി വന്നാൽ മാത്രം. ജ്ഞാനത്തിനു മുമ്പ് ഞാനും സംഘർഷങ്ങളിൽ പെട്ടിട്ടുണ്ട്. ഈ ജ്ഞാനത്തിനു ശേഷം എനിക്കൊരു ഏറ്റുമുട്ടലുമില്ല. ഈ ജ്ഞാനമാണ് അനുഭവം. ഈ ജ്ഞാനം കൊണ്ട് ഞാൻ എന്റെ എല്ലാ പഴയ എക്കൗണ്ടുകളും തീർത്തു. നിങ്ങളിനിയും നിങ്ങളുടെ എക്കൗണ്ടുകൾ തീർക്കേണ്ടി ഇരിക്കുന്നു .

## (18) പ്രതിക്രമണം കൊണ്ട് നിങ്ങളുടെ തെറ്റുകൾ കഴുകിക്കളയൂ.

നിങ്ങൾ, അഞ്ചൂറോ അതിലധികമോ നിങ്ങളുടെ തെറ്റുകൾ ഒരു ദിവസം കാണാൻ തുടങ്ങുമ്പോൾ, മനസ്സിലാക്കിക്കോളൂ, നിങ്ങൾ മോക്ഷത്തിന് അടുത്തെത്തിയെന്ന്.

അതുകൊണ്ട്, നിങ്ങൾ എവിടെ ആയാലും, സംഘർഷം ഒഴിവാക്കണം. ഇപ്പോൾ സംഘർഷമുണ്ടാക്കുക വഴി നിങ്ങൾ നിങ്ങളുടെ ഈ ജന്മം നശിപ്പിക്കുന്നു, മാത്രമല്ല നിങ്ങളുടെ അടുത്ത ജന്മവും നശിച്ചുപോകുന്നു. ഈ ജന്മം നശിപ്പിക്കുന്നവൻ തീർച്ചയായും വരാൻ പോകുന്നതും നശിപ്പിക്കുന്നു! ഈ ജീവിതം നന്നായാൽ, അടുത്തതും അങ്ങനെ തന്നെ! ഈ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടായില്ലെങ്കിൽ, മനസ്സിലാക്കുക അടുത്ത ജന്മവും പ്രശ്ന രഹിതമായിരിക്കുമെന്ന്! ഇവിടെ നിങ്ങൾ പ്രശ്നം സൃഷ്ടിച്ചാൽ അത് നിങ്ങളെ അടുത്ത ജന്മത്തിലേക്ക് പിന്തുടർന്നു വരും.

## (19) മൂന്നു ജന്മങ്ങളുടെ ഉറപ്പ്

ആരോടും ഏറ്റുമുട്ടലിൽ ഏർപ്പെടാത്തവർക്ക് മൂന്നു ജന്മം കൊണ്ട് മോക്ഷം നേടാമെന്ന് ഞാൻ ഉറപ്പു നല്കുന്നു. നിങ്ങൾ സംഘർഷം ഉണ്ടാക്കിയാൽ, നിങ്ങൾ പ്രതിക്രമണം ചെയ്യണം. സംഘർഷം പുഡ്ഗലിന്റെ സ്വഭാവമാണ്. പ്രതിക്രമണം പുഡ്ഗലുകൾക്ക് ഇടയിലുള്ള എല്ലാ സംഘർഷവും അവസാനിപ്പിക്കുന്നു.

മറ്റെ ആൾ ഗുണനക്രിയ ചെയ്യുമ്പോൾ, നാം ഹരണം നടത്തണം. അപ്പോൾ ബാക്കി ഒന്നും വരില്ല. മറ്റൊരാളെക്കുറിച്ച് നെഗറ്റീവ് ആയി ചിന്തിക്കുന്നതാണ് ഏറ്റവും വലിയ തെറ്റ്. പോകും വഴിയിൽ ഒരു ചുമരിലിടിച്ചാൽ നാം എന്തുകൊണ്ടാണ് അതിനോട് ദേഷ്യപ്പെടാത്തത്? ഒരു പശു കാലിൽ ചവിട്ടിയാൽ നിങ്ങളതിനോട്

എന്തെങ്കിലും പറയുമോ? അതു പോലെത്തന്നെയാണ് മനുഷ്യരോടും വേണ്ടത്. എങ്ങനെയാണ് ജ്ഞാനീപുരുഷൻ എല്ലാവരോടും ക്ഷമിക്കുന്നത്? അദ്ദേഹം അവരുടെ നിഷ്കളങ്കത തിരിച്ചറിയുന്നു. അവർക്ക് ഒന്നും അറിയില്ലഎന്നും അറിയുന്നു. അവർ ചുമരുകൾ പോലെയാണ്. അറിയുന്നവർക്ക് ഒന്നും പറഞ്ഞുകൊടുക്കേണ്ടതില്ല. അവർ ഉടനെ ഉള്ളിൽ പ്രതിക്രമണം ചെയ്യാൻ തുടങ്ങുന്നു.

## (20) ആകർഷണം = പ്രതികരണം

**ചോദ്യകർത്താവ്:** പലപ്പോഴും ആരോടും വെറുപ്പ് പുലർത്താൻ എനിക്ക് ആഗ്രഹമില്ലെങ്കിലും അങ്ങനെ സംഭവിക്കുന്നു. എന്താണ് അതിനു പിന്നിലുള്ള കാരണം?

**ദാദാശ്രീ:** ആരോടാണ് അത് സംഭവിക്കുന്നത്?

**ചോദ്യകർത്താവ്:** ചിലപ്പോൾ എന്റെ ഭാര്യയോട് അങ്ങനെ സംഭവിക്കുന്നു.

**ദാദാശ്രീ:** അത് വെറുപ്പല്ല. ആകർഷണത്തിൽ നിന്നും ഉണ്ടാകുന്ന സ്നേഹം, തിരിച്ചടിക്കുന്നതുമാണ്. അത് വികർഷണത്തിന് കാരണമാകും. അതുകൊണ്ട് അവന് ദേഷ്യം വന്നാൽ, അവൻ അവളിൽ നിന്നും മാറിപ്പോകുന്നു. കുറച്ചു സമയം അവൾ അവളുടെ അകലം പാലിക്കും. വീണ്ടും അവൾക്ക് അവനോടും, അവന് അവളോടുമുള്ള ഇഷ്ടം വർദ്ധിക്കുമ്പോൾ, അവന് അവൾ കൂടുതൽ പ്രിയയായിത്തീരുന്നു. കൂടുതൽ സംഘർഷംകൊണ്ട് കൂടുതൽ വേദന ഉണ്ടാകുന്നു. പരസ്പരം കൂടുതൽ ഇടപെടലുകൾ ഉണ്ടാവുമ്പോൾ കൂടുതൽ അകൽച്ചയും ഉണ്ടാകുന്നു. വീണ്ടും ഒന്നിച്ചു ചേരുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള അമിത പ്രേമമുള്ളിടത്ത് ഇടപെടലുകളും ഉണ്ടാകുന്നു. അതുകൊണ്ട് ഇടപെടലുകളുള്ളിടത്ത്, ഉള്ളിൽ അവർ സ്നേഹമനുഭവിക്കുന്നു. അത്തരം, കഴിഞ്ഞ ജന്മത്തിൽ നിന്നുള്ള നമ്മുടെ അമിതപ്രേമമാണ് ഇടപെടലുകൾക്ക് കാരണമാകുന്നത്. യഥാർത്ഥത്തിൽ അമിതപ്രേമത്തെക്കുറിച്ചാണ്

നിങ്ങൾ സംസാരിക്കുന്നത്. അല്ലെങ്കിൽ അവിടെ ഇടപെടലുകൾ ഉണ്ടാവുമോ ? ഇത് ഇടപെടലുകളുടെ സവിശേഷതയാണ്.

ആളുകൾ പറയുന്നത് സംഘർഷമാണ് അവരുടെ പ്രേമത്തെ വളർത്തുന്നത് എന്നാണ്. ശരിയാണ്. പക്ഷെ നിങ്ങൾ പറയുന്നപ്രേമം ആകർഷണമാണ്. അത് സംഘർഷത്തിൽ നിന്നുതന്നെ ഉണ്ടായിട്ടുള്ളതാണ്. അത്തരം ആകർഷണങ്ങൾ എപ്പോഴും വികർഷണത്തിന് കാരണമാകും. കുറച്ച് സംഘർഷങ്ങളേ ഉള്ളൂ എങ്കിൽ അവിടെ കുറവ് ആകർഷണമേ ഉള്ളൂ. ഒരു കുടുംബത്തിൽ ഭാര്യാ ഭർത്താക്കന്മാർ തമ്മിൽ വഴക്ക് കുറവാണെങ്കിൽ നമുക്ക് മനസ്സിലാക്കാം അവർ തമ്മിലുള്ള ആകർഷണം കുറവാണെന്ന്. നിങ്ങൾക്കിത് മനസ്സിലായോ?

**ചോദ്യകർത്താവ്:** ഞങ്ങളുടെ നിത്യജീവിതത്തിൽ, ചിലപ്പോൾ ഇഗോ ഉയർന്നു വരുമ്പോൾ, വലിയ വാഗ്വാദങ്ങളുണ്ടാവും. ധാരാളം തീപ്പൊരി പറക്കും, വഴക്കിൽ.

**ദാദാശ്രീ:** ആ തീപ്പൊരികൾ ഇഗോയുടെതല്ല. അത് ഇഗോയിൽ നിന്നും വരുന്നതാണെന്ന് തോന്നും. പക്ഷെ, വാസ്തവത്തിൽ ലൈംഗിക പ്രതികരണവുമായി ബന്ധപ്പെട്ടതാണ്. ലൈംഗിക ബന്ധമില്ലാത്തിടത്ത് സംഘർഷവുമില്ല. സെക്സ് അവസാനിക്കുന്നിടത്ത് ഘർഷണ ചരിത്രവും നിലയ്ക്കുന്നു. അതുകൊണ്ട് ഒരു വർഷത്തേക്ക് ബ്രഹ്മചര്യ വ്രതമെടുത്ത ദമ്പതികളോട് എങ്ങനെയിരുന്നു അവരുടെ ജീവിതമെന്ന് ഞാൻ ചോദിക്കും. "തീപ്പൊരിയില്ല, പോരാട്ടമില്ല, ഘർഷണമില്ല, എന്തു തന്നെ വന്നാലും ഏറ്റുമുട്ടലില്ല. എല്ലാം നിശ്ചലം" എന്നാവും അവരുടെ മറുപടി. ഇതെല്ലാം ലൈംഗിക ബന്ധം കൊണ്ട് ഉണ്ടാകുന്നതാണ്.

**ചോദ്യകർത്താവ്:** ആദ്യം ഞങ്ങൾ വിചാരിച്ചു, ഇത് ഞങ്ങളുടെ വീട്ടു ജോലികളുമായി ബന്ധപ്പെട്ടതാണ് എന്ന്. പരസ്പരം വീട്ടു

ജോലികളിൽ സഹായിച്ചിട്ടും സംഘർഷം തുടർന്നു.

**ദാദാശ്രീ:** ആ സംഘർഷങ്ങൾ തുടർന്നു കൊണ്ടിരിക്കും. ലൈംഗിക ബന്ധം നില നിൽക്കുന്നേടത്തോളം സംഘർഷം തുടരും. ലൈംഗിക വാസനകളെ ജയിക്കുന്നവൻ എല്ലാത്തിനേയും ജയിക്കുന്നു. അങ്ങനെയുള്ളവർ എല്ലാവരേയും സ്വാധീനിക്കുന്നു.

## (21) സ്ഥൂലവും സൂക്ഷ്മവുമായി സംഘർഷങ്ങൾ

**ചോദ്യകർത്താവ്:** "സംഘർഷമൊഴിവാക്കുക" എന്നതാണ് അങ്ങയുടെ വചനം. ഈ പ്രസ്താവന അർപ്പണബോധത്തോടെ പിൻതുടർന്നാൽ. അത് ഒരാളെ മോക്ഷത്തിലേക്ക് നയിക്കും. സംഘർഷമൊഴിവാക്കുന്നത് സ്ഥൂലവും, സൂക്ഷ്മവും, സൂക്ഷ്മതരവും, സൂക്ഷ്മതമവുമായ തലങ്ങളിൽ എങ്ങനെയാണെന്ന് വിവരിച്ചു തരാമോ.

**ദാദാശ്രീ:** സംഘർഷമൊഴിവാക്കാനുള്ള തീരുമാനത്തിലൂടെ മുന്നോട്ടു നീങ്ങുമ്പോൾ ഒരാളുടെ അന്തർജ്ഞാനം വർദ്ധിക്കുന്നു. അയാൾക്ക് ആരും ഒന്നും പറഞ്ഞു കൊടുക്കേണ്ടതില്ല. പഠന പ്രക്രിയ നൈസർഗ്ഗികം ആയിരിക്കും. ഈ വാക്കുകൾ നിങ്ങളെ മോക്ഷത്തിലേക്ക് നയിക്കുന്നവയാണ്.

മറ്റൊരു അടിസ്ഥാന വാചകം "തെറ്റ്, വേദന അനുഭവിക്കുന്ന ആളുടേതാണ്" എന്നതും നിങ്ങളെ മോക്ഷത്തിലേക്ക് നയിക്കും. എന്റെ ഓരോ വാക്കും നിങ്ങളെ മുക്തരാക്കും. ഇത് ഞാൻ തരുന്ന ഉറപ്പാണ്.

**ചോദ്യകർത്താവ്:** അങ്ങ് സ്ഥൂലമായ സംഘർഷങ്ങൾക്ക് ചുമരു പോലെയുള്ള ഉദാഹരണങ്ങൾ നല്കി. എന്നാൽ സൂക്ഷ്മവും, സൂക്ഷ്മതരവും, സൂക്ഷ്മതമവുമായ സംഘർഷങ്ങൾക്ക് ഉദാഹരണം പറയാമോ? ദയവായി വിശദീകരിച്ചു തരൂ. എന്താണ് സൂക്ഷ്മമായ സംഘർഷം?

**ദാദാശ്രീ:** നിങ്ങൾക്ക് നിങ്ങളുടെ പിതാവിനോട് ഉണ്ടായേക്കാവുന്ന സംഘർഷങ്ങൾ സൂക്ഷ്മമാണ്.

**ചോദ്യകർത്താവ്:** സൂക്ഷ്മ സംഘർഷങ്ങൾ മാനസിക സംഘർഷങ്ങൾ ആണോ? വാക്കു കൊണ്ടുള്ള സംഘർഷങ്ങളും സൂക്ഷ്മമായ തലത്തിൽ പെടുമോ?

**ദാദാശ്രീ:** അതൊക്കെ സ്ഥൂലമായവയാണ്. കാരണം അത് മറ്റുള്ളവർക്ക് അറിയാൻ കഴിയും. മറ്റുള്ളവർക്ക് കാണാനും മനസ്സിലാക്കാനും കഴിയാത്ത വിധമുള്ള സംഘർഷമാണ് സൂക്ഷ്മമായ സംഘർഷം.

**ചോദ്യകർത്താവ്:** സൂക്ഷ്മമായ സംഘർഷം നാമെങ്ങനെ ഇല്ലാതാക്കും?

**ദാദാശ്രീ:** ആദ്യം സ്ഥൂലമായത് പരിഹരിക്കുക. പിന്നെ, സൂക്ഷ്മവും സൂക്ഷ്മതരവും. അവസാനം സൂക്ഷ്മതമവും.

**ചോദ്യകർത്താവ്:** ഏതാണ് നാം സൂക്ഷ്മതരമെന്ന് വിളിക്കുന്ന സംഘർഷം?

**ദാദാശ്രീ:** ആരെങ്കിലും നിങ്ങളെ അടിക്കുന്നു എന്നു കരുതുക. ആ സമയം നിങ്ങൾ ബോധവാനാണ്, ഇയാൾ എന്നെ വേദനിപ്പിക്കുന്നില്ല, വ്യവസ്ഥിതിയാണ് ചെയ്യുന്നത്, ഞാൻ ശുദ്ധാത്മാവാണ്. ഈ പ്രക്രിയയിൽ മറ്റെ ആളെക്കുറിച്ച് നിങ്ങൾ ചെറിയ അളവിൽ പോലും കുറ്റം കാണുകയാണെങ്കിൽ അത് സൂക്ഷ്മതരമായ സംഘർഷത്തിന് ഉദാഹരണമാണ്.

**ചോദ്യകർത്താവ്:** ഇത് എനിക്ക് വീണ്ടും വിശദീകരിച്ചു തരൂ. എനിക്കിത് മനസ്സിലായില്ല.

**ദാദാശ്രീ:** മറ്റുള്ളവരിൽ നിങ്ങൾ കാണുന്ന എല്ലാ തെറ്റുകളും സൂക്ഷ്മതരമായ സംഘർഷങ്ങളാണ്.

**ചോദ്യകർത്താവ്:** അപ്പോൾ മറ്റുള്ളവരുടെ തെറ്റുകൾ കാണുന്നതാണോ സൂക്ഷ്മതരമായ സംഘർഷം?

**ദാദാശ്രീ:** അല്ല. ജ്ഞാനത്തിലൂടെ മറ്റാരിലും തെറ്റില്ല എന്ന് നിങ്ങൾ സ്ഥാപിച്ചതിനു ശേഷവും മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നത് തുടരുന്നതാണ് സൂക്ഷ്മതരമായ സംഘർഷം. അതിനു കാരണം, അയാൾ ശുദ്ധാത്മാവാണ് അതുകൊണ്ട് എല്ലാ തെറ്റുകളിൽ നിന്നും വേറിട്ടിരിക്കുന്നവനാണ് എന്നതാണ്.

**ചോദ്യകർത്താവ്:** അത് മാനസികമായ സംഘർഷമല്ലെ?

**ദാദാശ്രീ:** എല്ലാ മാനസികമായ സംഘർഷങ്ങളും സൂക്ഷ്മമായ തലത്തിൽ പെടുന്നു.

**ചോദ്യകർത്താവ്:** അപ്പോൾ സൂക്ഷ്മവും സൂക്ഷ്മ തരവുമായ സംഘർഷങ്ങൾ തമ്മിലുള്ള വ്യത്യാസമെന്താണ്?

**ദാദാശ്രീ:** എല്ലാ സൂക്ഷ്മതരമായ സംഘർഷങ്ങളും മനസ്സിന്റെ തലത്തിനും മുകളിലാണ്.

**ചോദ്യകർത്താവ്:** അങ്ങനെയാണെങ്കിൽ, സൂക്ഷ്മമായ സംഘർഷങ്ങൾക്ക് ഒപ്പം സൂക്ഷ്മ തരമായ സംഘർഷങ്ങളും നിലനിൽക്കുന്നുണ്ടോ?

**ദാദാശ്രീ:** അത് പ്രധാന കാര്യമല്ല. സൂക്ഷ്മം സൂക്ഷ്മതരമായതിൽ നിന്നും വ്യത്യസ്തമാണെന്ന് തിരിച്ചറിയൂ. അതുപോലെ സൂക്ഷ്മതരം സൂക്ഷ്മതമത്തിൽ നിന്നും. അതാണ് അങ്ങേയറ്റത്തെ നില.

**ചോദ്യകർത്താവ്:** സത്സംഗത്തിനിടക്ക് ഒരിക്കൽ അങ്ങ് പറയുകയുണ്ടായി, നാം ചന്ദുഭായിയുമായി (ശരീരത്തിന് നല്കപ്പെട്ടിരിക്കുന്ന ആപേക്ഷികമായ പേര്) ആഴത്തിൽ കൂടിച്ചേരുകയും കെട്ടിപ്പിണയുകയും ചെയ്താൽ അതാണ് സൂക്ഷ്മതമമായ സംഘർഷമെന്ന്.

**ദാദാശ്രീ:** അതെ. സൂക്ഷ്മതമമായ സംഘർഷങ്ങൾ! അവ നീക്കം ചെയ്യപ്പെടേണ്ടവയാണ്. നിങ്ങൾ ബോധമില്ലാതെ ചന്ദുഭായിയിൽ മുഴുകിപ്പോകുന്നു. പിന്നീട് നിങ്ങൾ തിരിച്ചറിയുന്നു തെറ്റുപറ്റിയെന്ന്. ഇല്ലേ?

**ചോദ്യകർത്താവ്:** ആ സംഘർഷങ്ങൾ ഒഴിവാക്കാൻ പ്രതിക്രമണം മാത്രമെ മാർഗ്ഗമായുള്ളൂ? വേറെ എന്തെങ്കിലും വഴിയുണ്ടോ?

**ദാദാശ്രീ:** വേറെ ആയുധമൊന്നുമില്ല. ഞാൻ നല്കിയിട്ടുള്ള ഒമ്പത് കലാമുകൾ (അനുബന്ധമായി നല്കിയിരിക്കുന്ന ഒമ്പത് വില മതിക്കാനാവാത്ത രത്നങ്ങൾ) ആണ് ഏറ്റവും വലിയ പ്രതിക്രമണം. വേറെ ഒരു ആയുധവുമില്ല. ഈ ലോകത്തിൽ പ്രതിക്രമണമല്ലാതെ വേറെ ഒരു ആയുധവും ഇല്ല. അതാണ് അന്തിമമായ ആയുധം. അതിക്രമണ ഫലമായാണ് ഈ ലോകം ഉണ്ടായിട്ടുള്ളത്. അതുകൊണ്ട് പ്രതിക്രമണമാണ് (പശ്ചാത്താപവും വീണ്ടും ആവർത്തിക്കുകയില്ല എന്ന ഉറച്ച തീരുമാനവും) അതിനുള്ള പ്രതിവിധി.

**ചോദ്യകർത്താവ്:** ഇത് വളരെ ആശ്ചര്യമാണ്. അങ്ങയുടെ "***സംഭവിച്ചതെല്ലാം ന്യായമാണ്***", "***തെറ്റ് വേദന അനുഭവിക്കുന്ന ആളുടെ***"....എന്നു തുടങ്ങിയ വചനങ്ങൾ അസാധാരണവും അലൗകികവുമാണ്. ഞങ്ങൾ ദാദയെ സാക്ഷിയായി പ്രതിക്രമണം

ചെയ്യുമ്പോൾ, അതിന്റെ തരംഗങ്ങൾ ശരിക്കും മറ്റെ ആളിൽ എത്തിച്ചേരുന്നുണ്ട്.

**ദാദാശ്രീ:** അതെ, അതു ശരിയാണ്. ആ തരംഗങ്ങൾ ഉടനെ അയാളിൽ എത്തിച്ചേരും. അവ ഫല പ്രദവുമാണ്. അവ അത്ഭുതകരമായ ഫലങ്ങളുണ്ടാക്കും. നമുക്ക് ബോധ്യപ്പെട്ടും അത് മറ്റെ ആളിൽ ഫലമുണ്ടാക്കിയിട്ടുണ്ടെന്ന്.

**ചോദ്യകർത്താവ്:** അതു മാത്രമല്ല, ദാദാ. പ്രതിക്രമണം ഉടനെ ആ സമയത്തു തന്നെ സംഭവിക്കുന്നു. അത് ശരിക്കും അത്ഭുതമാണ്, ദാദാ! ദാദായുടെ അനുഗ്രഹം അത്യത്ഭുതമാണ്!

**ദാദാശ്രീ:** അതെ അത് അത്ഭുതം തന്നെയാണ്. അതിനുമപ്പുറം ഇത് ശാസ്ത്രീയമായ ഒരു കാര്യമാണ്.

**- ജയ് സച്ചിദാനന്ദ്**

# ശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

എനിക്കകത്തു വസിക്കുന്ന ശുദ്ധാത്മാവെ, അങ്ങ് എനിക്കകത്തു വസിക്കുന്നതു പോലെ എല്ലാ ജീവജാലങ്ങളുടേയും അകത്തു വസിക്കുന്നു. അങ്ങയുടെ ദിവ്യ രൂപമാണ് എന്റെ യഥാർത്ഥ രൂപം. എന്റെ യഥാർത്ഥ രൂപം ശുദ്ധാത്മാവാണ്.

അല്ലയോ ശുദ്ധാത്മാ ഭഗവാൻ! അനന്തമായ ഭക്തിയോടെയും ഐക്യത്തോടെയും ഞാൻ അങ്ങയെ വന്ദിക്കുന്നു.

ഞാൻ അജ്ഞതാവസ്ഥയിൽ ചെയ്ത എന്റെ എല്ലാ തെറ്റുകളും **** അങ്ങയോട് ഏറ്റു പറയുന്നു. ആത്മാർത്ഥം ആയി ഞാൻ ആ തെറ്റുകൾക്ക് എല്ലാം അങ്ങയോട് മാപ്പ് അപേക്ഷിക്കുകയും പശ്ചാത്തപിക്കുകയും ചെയ്യുന്നു. അല്ലയോ ഭഗവാനെ, എനിക്കു മാപ്പു തരൂ, മാപ്പു തരൂ, മാപ്പുതരൂ. ആ തെറ്റുകൾ ആവർത്തിക്കാതിരിക്കാൻ എനിക്ക് ശക്തി തരൂ.

അല്ലയോ ശുദ്ധാത്മാ ഭഗവാൻ! അങ്ങയിൽ നിന്നും വേറിട്ടിരിക്കുന്ന അവസ്ഥ നീങ്ങിക്കിട്ടാനും അങ്ങയോട് ഒന്നുചേർന്നിരിക്കുന്ന അവസ്ഥ ലഭ്യമാകാനും അങ്ങ് ഞങ്ങളെ ഏവരേയും അനുഗ്രഹിക്കണമേ. ഞങ്ങളെല്ലാവരും അങ്ങയോട് എപ്പോഴും ഒന്നു ചേർന്നിരിക്കണമേ!

(**** നിങ്ങൾ മുമ്പ് ചെയ്തിട്ടുള്ള തെറ്റുകൾ ഓർമ്മിക്കുക.)

## പ്രതിക്രമണവിധി

പ്രത്യക്ഷ ദാദാഭഗവാൻ സാക്ഷിയായി .......................... (നിങ്ങൾ തെറ്റുചെയ്ത ആളുടെപേര് പറയുക) ... യുടെ മനസ്സും ശരീരവും വാക്കും ഭാവകർമ്മവും ദ്രവ്യകർമ്മവും നോകർമ്മവുമായി യാതൊരു ബന്ധവുമില്ലാത്ത ശുദ്ധാത്മാവിനെ വന്ദിക്കുന്നു. ഞാൻ എന്റെ തെറ്റുകൾ സമ്മതിക്കുന്നു. (ചെയ്ത തെറ്റുകൾ ഓർമ്മിക്കുക: ആലോചന). എന്റെ എല്ലാ തെറ്റുകൾക്കും ഞാൻ മാപ്പുചോദിക്കുന്നു. (പ്രതിക്രമണം.) ഞാനാ തെറ്റുകൾ ഇനിയൊരിക്കലും ആവർത്തിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്യുന്നു. (പ്രത്യാഖ്യാനം). ഏറ്റവും പ്രിയപ്പെട്ട ദാദാ ഭഗവാൻ, എന്റെ തെറ്റുകൾ ആവർത്തിക്കാതിരിക്കാനുള്ള ഉറച്ച തീരുമാനത്തിൽ നിലനിൽക്കാനുള്ള അനന്തമായ ആന്തരികശക്തി നല്കിയാലും.

----x----

# Books of Dada Bhagwan Foundation

| | |
|---|---|
| 1.Adjust Everywhere<br>2.Ahimsa : Non-Violence<br>3.Anger<br>4.Aptavani-1<br>5.Aptavani-2<br>6.Aptavani-4<br>7.Aptavani-5<br>8.Aptavani-6<br>9.Aptavani-8<br>10.Aptavani-9<br>11.Autobiography of Gnani Purush A.M Patel<br>12.Avoid Clashes<br>13.Brahmacharya<br>14.Death : Before, During & After<br>15.Flawless Vision<br>16.Generation Gap<br>17.Harmony in Marriage<br>18.Life Without Conflict<br>19.Money<br>20.Noble Use of Money | 21.Pratikraman<br>22.Pure Love<br>23.Right Understanding to Help Others<br>24.Science of Karma<br>25.Science of Speech<br>26.Shree Simandhar Swami : The Living God<br>27.The Essence Of All Religion<br>28.The Fault Is Of The Sufferer<br>29.The Guru and The Disciple<br>30.The Hidden Meaning Of Truth & Untruth<br>31.The Practice Of Humanity<br>32.Trimantra : The mantra that removes all the worldly obstacles<br>33.Whatever Happened is Justice<br>34. Who Am I ?<br>35.Worries |

- Dada Bhagwan books are availables in different languages: Gujarati, Hindi, English, Marathi, Telegu, Kanada, Oriya, Malayali, Bengali, Punjabi, Assamese, Tamil, German, Spanish, Russian etc
- 'Dadavani' Magazine is published every month in three Languages: Gujarati, Hindi, and English.

**www.dadabhagwan.org**

## Dada Bhagwan Parivar

Adalaj: Trimandir, Simandhar City, Ahmedabad-Kalol Highway, Po/Adalaj, Dist.: Gandhinagar-382421, Gujarat, India.
Tel: +91-9328661166/ 9328661177
Email: info@dadabhagwan.org

| | | | |
|---|---|---|---|
| Mumbai | 9323528901 | Delhi | 9810098564 |
| Kolkata | 9830093230 | Chennai | 7200740000 |
| Jaipur | 9351408285 | Patna | 7352723132 |
| Bhopal | 9425024405 | Amravati | 9422915064 |
| Indore | 9039936173 | Bangalore | 9590979099 |
| Raipur | 9329644433 | Hyderabad | 9989877786 |
| Chandigarh | 9780732237 | Pune | 9422660497 |
| Kanpur | 9452525981 | Jalandhar | 9814063043 |
| Bhubaneswar | 8763073111 | Sangli | 9423870798 |
| Varanasi | 9795228541 | | |

| | |
|---|---|
| U.S.A Dada Bhagwan Vignan Institute<br>Tel: +1 877-505-DADA(3232)<br>Email:info@us.dadabhagwan.org | **U.K: Dada Darshan (UK)**<br>Tel: +44 330-111-DADA(3232)<br>Email:info@uk.dadabhagwan.org |
| **Germany** :+49 700 32327474<br>**UAE:** +97 1557316937<br>**Kenya:** +25 4722722063<br>**Dubai**: +971 501364530 | Australia: +61 421127947<br>New Zealand: +6421 0376434<br>Singapore: +65 81129229 |



# സംഘർഷം ഒഴിവാക്കുക

തിരക്കുപിടിച്ച ഒരു റോഡ് മുറിച്ചു കടക്കുമ്പോൾ അപകടമുണ്ടാകാതിരിക്കാൻ, നിങ്ങൾ വളരെ ശ്രദ്ധാലുവായിരിക്കും. നിങ്ങളുടെ നിത്യ ജീവിത വ്യവഹാരങ്ങളിലും അത്തരം ശ്രദ്ധ ചെലുത്തൂ. നിങ്ങളുടെ ഉറച്ച തീരുമാനം, മറ്റെ ആൾ എത്ര വെറുക്കപ്പെട്ടവനും ക്രൂരനുമായാലും, ആരെയും വേദനിപ്പിക്കാതിരിക്കാൻ ആയിരിക്കണം. നിങ്ങൾ എത്ര തന്നെ ശ്രദ്ധിച്ചാലും, എതിരാളി വീണ്ടും സംഘർഷമുണ്ടാക്കി നിങ്ങളെ മുറിവേല്പിച്ചു എന്നു വരാം. എല്ലാ സംഘർഷങ്ങളിലും ഇരു ഭാഗത്തിനും കഷ്ടപ്പാടുണ്ടാവും. നിങ്ങളൊരാളെ വേദനിപ്പിച്ചാൽ, അപ്പോൾ തന്നെ നിങ്ങളും തീർച്ചയായും വേദന അനുഭവിക്കേണ്ടി വരും.

അതു കൊണ്ട് ഗതാഗത നിയമങ്ങളിലെ യുക്തി ഞാൻ നിങ്ങൾക്ക് ഉദാഹരണമായി നല്കുകയാണ്. നിങ്ങൾ ഒരു അപകടത്തിന് കാരണക്കാരനാവുകയാണെങ്കിൽ, കൂട്ടിയിടി മാരകമാകാനിടയുള്ളതുകൊണ്ട്, നിങ്ങളും കൊല്ലപ്പെട്ടേക്കാം. അതു കൊണ്ട് ആരുമായും സംഘർഷത്തിലേർപ്പെടരുത്

**ദാദാശ്രീ**

ISBN 978-93-90664-67-2

Printed in India

Price ₹20

dadabhagwan.org